മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 43 THE ONLINE OFFICIAL NEWS BULLETIN 2025 October 23

SEASON OF THE HOLY CROSS സ്ലീബാകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
26 6th Sunday after the Holy Cross ♪6	27 ♪2	28 ♪6	29 ♪2	30 ♪6	31 ♪2	NOVEMBER 1 Feast of All Saints ♪6

ഡേവിഡ് കോർഎപ്പിസ്കോപ്പായുടെ ചരമ സുവർണ്ണജൂബിലി

ചന്ദനപ്പള്ളി: മലങ്കര ഓർത്തഡോക്സ് സഭയിലെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ആധാരസ്തംഭവും രൂപഘടനയുടെ ശില്പിയും ആയിരുന്ന കെ. ഡേവിഡ് കോർഎപ്പിസ്കോപ്പായുടെ ചരമ സുവർണ്ണജൂബിലി അനുസ്മരണ ചടങ്ങ് 2025 ഒക്ടോബർ 18-നു ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വെച്ച് നടന്നു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വിശുദ്ധ മൂന്നിന്മേൽ കുർബാനയിൽ മുഖ്യകാർമ്മികനായിരുന്നു. അനുസ്മരണ സമ്മേളനത്തിന് കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ സമ്മേളനം ഉ്ഘാടനം ചെയ്തു. കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ മുഖ്യാതിഥിയായിരുന്നു.

ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ, ഫാ. ജോബ് സാം മാത്യൂ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, തുമ്പമൺ ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പ, ഡോ. കുര്യൻ തോമസ് , പ്രൊഫ. ഡോ. ചെറിയാൻ തോമസ്, വലിയ പള്ളി വികാരി ഫാ. സുനിൽ ഏബ്രഹാം,സംഘാടക സമിതി കൺവീനർ അഡ്വ. ബാബുജി കോശി എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തും .

കോട്ടയം ഭദ്രാസന ശതോത്തര സുവർണ്ണ ജൂബിലിയുടെ ഭാഗമായി വാകത്താനം ഡിസ്ട്രിക്റ്റിൽ ആരംഭിക്കുന്ന പകൽ വീടിന്റെ ഉദ്ഘാടനം ചീരഞ്ചിറ ഫാ. ടി. സി. ജേക്കബ് ഹോളിസ്റ്റിക് ഹെൽത്ത് ഹബിൽ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. കെ എം. സക്കറിയ അധ്യക്ഷത വഹിച്ചു.

മലങ്കര സഭയിലെ ആദ്യ സന്യാസ ഭവനവും, പരിശുദ്ധ പരുമല കൊച്ചു തിരുമേനിയുടെ ആത്മീയ പർണ്ണശാലയുമായ വെട്ടിക്കൽ സെന്റ് തോമസ് ദയറായുടെ 9-ാം ശതാബ്ദി ആഘോഷങ്ങളുടെ (900 വർഷ ജൂബിലി) ലോഗോ പ്രകാശനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. വെട്ടിക്കൽ ദയറാ മാനേജർ അഡ്വ. ഫാ. കുര്യാക്കോസ് ജോർജ്, ഫാ. ജോസഫ് മലയിൽ എന്നിവർ സമീപം. 9-ാം ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും, പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മ പെരുന്നാളും 2025 ഡിസംബർ 7 മുതൽ 10 വരെ തീയതികളിൽ നടക്കും.

യൂഹാനോൻ മാർ തേവോദോറോസ് മിഷൻ ബോർഡ് പ്രസിഡന്റ്; സഖറിയാ മാർ സേവേറിയോസ് കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ

കോട്ടയം: ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്ഥാനമൊഴിഞ്ഞ സാഹചര്യത്തിൽ സഭയുടെ മിഷൻ ബോർഡ് പ്രസിഡന്റായി കൊട്ടാരക്കര പുനലൂർ ഭദ്രാസന ഇടയൻ യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായെയും കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജരായി, ഇടുക്കി ഭദ്രാസന ഇടയൻ സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെയും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിയമിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1956)



1956 ജൂൺ മാസം

24 ഞായർ. തേവോദോസ്യോസ് മെത്രാച്ചൻ അരമന പള്ളിയിൽ കുർബ്ബാന ചൊല്ലി. നാം കുറച്ചുസമയം കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. 10 മണിക്ക് ശുശ്രൂഷകൾ കഴിഞ്ഞു മുറിയിൽ വന്നു വിശ്രമിച്ചു. ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് മൂലേടം പള്ളിയിലേക്കു പോയി. അവിടെ രണ്ടു മണിക്ക് ചെന്ന് ലുത്തിനിയാ കഴിഞ്ഞ് പുതുതായി വച്ചിട്ടുള്ള പള്ളിക്കെട്ടിടത്തിന്റെ കൂദാശ നടത്തി. അതിനുശേഷം ആ പള്ളിയിലെ സണ്ടേസ്കൂൾ, സ്ത്രീസമാജം, പ്രാർത്ഥനായോഗം എന്നിവകളുടെ ഏകോപിച്ചുള്ള വാർഷികയോഗം ഇ. ജെ. അബ്രഹാം കത്തനാരുടെ താല്പര്യപ്രകാരം നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുകയും അവരോട് അല്പം ഗുണദോഷങ്ങൾ പറഞ്ഞ് കാപ്പിയും കഴിഞ്ഞ് 5 മണിക്ക് അവിടെ നിന്നും തിരിച്ച് എം.ഡി. സെമിനാരിയിൽ കയറി അത്താനാസ്യോസ് മെത്രാച്ചനെയും ജോർജ് കത്തനാരെയും മറ്റും കണ്ട് അവിടെ നിന്നും ദേവലോകം അരമനയിൽ വന്ന് സന്ധ്യാനമസ്കാരവും നടത്തി ഇവിടെ വിശ്രമിക്കുകയുണ്ടായി. മൂലേടം പള്ളിയിൽ ധാരാളം ആളുകൾ കൂടുകയും കൂദാശയിലും മീറ്റിംഗിലും മറ്റും സംബന്ധിക്കുകയും ചെയ്തു.

25 തിങ്കൾ. ഇന്നു വളരെ സുഖമുണ്ടായിരുന്നു. 4 മണിക്ക് തേവോദോസ്യോസ് മെത്രാച്ചൻ മാങ്ങാനം ദയറായിലേക്ക് താമസിക്കുന്നതിനായി പോയി. ഡോക്ടർ മാത്യു വന്ന് കുത്തിവയ്ക്കുകയുണ്ടായി. മൂലേടത്ത് അബ്രഹാം കത്തനാർ വന്ന് ഇവിടെ രാത്രി താമസിക്കുകയും ചെയ്തു.

26. ചൊവ്വ. അരമനയിൽ. നാം സുഖമായി ഇവിടെ താമസിച്ചു. ഫീലിപ്പോസ് കത്തനാർ വന്ന് ആപ്പീസ് കാര്യങ്ങൾ നോക്കി. സന്ധ്യകഴിഞ്ഞ് അബ്രഹാം കത്തനാർ വന്നു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

27 ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. പഴയസെമിനാരി മാനേജർ കത്തനാർ വന്നിരുന്നു. വിശേഷങ്ങൾ അറിയുന്നതിനുവേണ്ടി കുറിച്ചിയിൽ നിന്നും വേണാട്ടുകളത്തിൽ ചാക്കോച്ചൻ വന്നു. സുഖമായിരുന്നു. ഡോക്ടർ മാത്യു വന്നു കുത്തിവയ്ക്കുകയുണ്ടായി.

28 വ്യാഴം. വിശേഷങ്ങൾ ഒന്നുമില്ല. കെ. ഫീലിപ്പോസ് കത്തനാരും മാനേജർ കത്തനാരും വന്നിരുന്നു.

29 വെള്ളി. മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിവസവും ശ്ലീഹാ നോമ്പ് വീടുന്നതിനാലും അരമന ചാപ്പലിൽ പഴയസെമിനാരി മാനേജർ കത്തനാർ കുർബ്ബാന ചൊല്ലി. കാലത്ത് ആറര മണിക്ക് നാം ഇവിടെ നിന്നു പഴയസെമിനാരിയിൽ പോകയും അവിടെ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. കാപ്പിയും ഉച്ചമേശയും കഴിഞ്ഞ് 2 മണിക്ക് പഴയസെമിനാരിയിൽ നിന്നും തിരിച്ചുവരുന്ന വഴി എം.ഡി. സെമിനാരിയിൽ കയറി അത്താനാസ്യോസ് മെത്രാച്ചനെയും ശെമ്മാശന്മാരെയും കണ്ടശേഷം അവിടെ നിന്നും ദേവലോകം അരമനയിൽ എത്തി വിശ്രമിക്കുകയുണ്ടായി. പത്തനാപുരത്ത് സ്കറിയാ കത്തനാരും പരുമല കാരിക്കോട്ടു മാത്യൂസ് കത്തനാരും മറ്റും വന്ന് രാത്രി താമസിക്കുകയുണ്ടായി.

30 ശനി. 12 ശ്ലീഹന്മാരുടെ പെരുന്നാൾ ദിനമായിരുന്നു. പത്തനാപുരത്ത് സഖറിയാ കത്തനാർ കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് സഖറിയാ കത്തനാരും പരുമല മാത്യൂസ് കത്തനാരും പോയി. ഒരു വിധം സുഖമായി തന്നെ ഇവിടെ താമസിച്ചു.

1956 ജൂലൈ മാസം

1. ഞായർ. അരമന ചാപ്പലിൽ നാം തന്നെ കുർബ്ബാന ചൊല്ലി. കുർബ്ബാന മദ്ധ്യേ ഒരു ചെറു പ്രസംഗവും പറഞ്ഞു. കുറെ ആളുകൾ ഉണ്ടായിരുന്നു. കുർബ്ബാനയ്ക്കു ശേഷം ഇവിടെ വിശ്രമിക്കുകയുണ്ടായി. സന്ധ്യയ്ക്ക് ഡോക്ടർ മാത്യു വരികയും മരുന്ന് കുത്തിവയ്ക്കുകയും ചെയ്തു.

2 തിങ്കൾ. വിശേഷങ്ങൾ ഒന്നുമില്ല. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. മൂലേടത്തു നിന്നും അബ്രഹാം കത്തനാർ വന്നു താമസിച്ചു.

3. ചൊവ്വ. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ ആയിരുന്നു. അബ്രഹാം കത്തനാർ കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. തേവോദോസ്യോസ് മെത്രാച്ചനും കുർബ്ബാനയിൽ വന്നു സംബന്ധിക്കുകയുണ്ടായി. 9 മണിക്ക് ഈവാനിയോസ് മെത്രാച്ചൻ വന്നു. 10 മണിക്ക് തേവോദോസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും കൂടി തിരുവല്ലയ്ക്കു പോയി. സുഖമായി നാം ഇവിടെ വിശ്രമിച്ചു. സന്ധ്യ മുതൽ എണ്ണസേവയും ആരംഭിച്ചു.

4. ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു. മണലിൽ യാക്കോബ് കത്തനാരും വന്നു വിശേഷങ്ങൾ പറയുകയുണ്ടായി. നാം സുഖമായി ഇവിടെ വിശ്രമിച്ചു.

5 വ്യാഴം. മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. കാര്യങ്ങൾ ആലോചിച്ച് 5 മണിക്ക് എല്ലാവരും തിരിച്ചുപോകുകയും ചെയ്തു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. കഷായം കുടിക്കുന്നതിനാൽ സുഖമായി ഇവിടെ വിശ്രമിച്ചു.

6 വെള്ളി. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ മൂലവട്ടം പള്ളിയിലേക്കു പോയി. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു.

7 ശനി. വിശേഷങ്ങൾ ഒന്നുമില്ല. എണ്ണ സേവിച്ചുകൊണ്ടു വിശ്രമിച്ചു. ഇലഞ്ഞിക്കൽ യാക്കോബ് കത്തനാർ വന്നു. പരുമല നിന്നും കാരിക്കോട്ടു മാത്യൂസ് കത്തനാരും വന്നു 4 മണിക്ക് മടങ്ങിപ്പോയി. എം. വി. ജോർജ് കത്തനാർ കുർബ്ബാന ചൊല്ലുന്നതിനുവേണ്ടി സന്ധ്യാനമസ്കാരത്തിനു മുമ്പ് ഇവിടെ വന്നു ചേർന്നു. ചുമയുടെ അല്പം അസുഖങ്ങൾ മാത്രമുണ്ടായിരുന്നു.

8 ഞായർ. അരമന പള്ളിയിൽ എം. വി. ജോർജ് കത്തനാർ കുർബ്ബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തു. നാം അതുകളിൽ സംബന്ധിച്ചു. 12 മണിക്ക് കത്തനാർ തിരിച്ചുപോയി. ഈ വർഷം വൈദിക സെമിനാരിയിൽ പഠിക്കുവാൻ വന്നിട്ടുള്ള കുട്ടികൾ നമ്മെ വന്നു കാണുകയും അവരോടു ചില ഗുണദോഷങ്ങൾ പറകയും ചെയ്തു. ഫീലിപ്പോസ് കത്തനാർ വരികയും യൂറോപ്പിൽ പോകുന്ന കാര്യത്തെക്കുറിച്ച് പറകയും ചെയ്തു. അത്താനാസ്യോസ് മെത്രാച്ചൻ വരികയും കല്ലിശ്ശേരിൽ റീത്ത് പ്രസ്ഥാനത്തിനു എതൃത്തു പ്രസംഗിച്ച കാര്യങ്ങളെക്കുറിച്ചും മറ്റും പറഞ്ഞു തിരിച്ച് എം.ഡി. സെമിനാരിയിലേക്കു പോയി. മൂലേടത്തു നിന്ന് അബ്രഹാം കത്തനാർ വന്ന് താമസിക്കുകയുണ്ടായി.

9 തിങ്കൾ. കാലത്ത് 9 മണിക്ക് കെ. ഫീലിപ്പോസ് കത്തനാർ വരികയും നമ്മെ കണ്ട് അനുഗ്രഹം വാങ്ങി വേൾഡ് കൗൺസിലിന്റെ കമ്മിറ്റി മീറ്റിംഗിനു വേണ്ടി യൂറോപ്പിലേക്കു പോകുകയും ചെയ്തു. മാനേജർ കത്തനാർ വന്നിട്ടുണ്ടായിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി ഇവിടെ താമസിച്ചു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

10 ചൊവ്വ. സുഖമായി ഇവിടെ വിശ്രമിച്ചു. 10 മണിക്ക് തിരുവല്ലായിൽ നിന്ന് ഏലിയാസ് തോമസ് കോറെപ്പിസ്കോപ്പാ വരികയും വിശേഷങ്ങൾ പറഞ്ഞ് ഇവിടെ താമസിക്കുകയും ചെയ്തു. 11 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചനും അച്ചന്മാരും കൂടി ഇവിടെ വരികയും വിശേഷങ്ങൾ പറഞ്ഞശേഷം ഉച്ചമേശയും കഴിഞ്ഞ് മുളക്കുളം പൂവത്തുങ്കൽ കത്തനാരുടെ സുഖക്കേട് കാണുന്നതിനായി നമ്മുടെ വണ്ടിയിൽ കയറി പോയി പ്രാർത്ഥനകൾ നടത്തിയശേഷം അവിടെ നിന്നും തിരുവല്ലായിലേക്കു പോകുകയും ചെയ്തു. പഴയസെമിനാരി മാനേജർ കത്തനാരും മെത്രാച്ചനോടുകൂടി പോയിട്ടുണ്ടായിരുന്നു.

11 ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. മണലിൽ യാക്കോബ് കത്തനാർ വന്നു വിശേഷങ്ങൾ പറയുകയുണ്ടായി.

12 വ്യാഴം. പുലിക്കോട്ടിൽ മെത്രാച്ചന്റെ ഓർമ്മ പ്രമാണിച്ച് സിമ്മനാരിയിൽ പെരുന്നാൾ ആയിരുന്നു. നാം എണ്ണ സേവിക്കുന്ന കാരണം പെരുന്നാളിനു പോകാൻ സാധിക്കാഞ്ഞതിനാൽ അബ്രഹാം കത്തനാർ ഇവിടെ കുർബ്ബാന ചൊല്ലി. നാം അതിൽ പോയി സംബന്ധിച്ചു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

13 വെള്ളി. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. മാനേജർ കത്തനാരും മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. ബോംബെ പള്ളിയുടെ വികാരിത്വം ഒഴിഞ്ഞ് വി. ജി. ഗബ്രിയേൽ കത്തനാർ നമ്മെ വന്നു കാണുകയുണ്ടായി.

14 ശനി. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ മൂലേടത്തിനു പോയി. ഇവിടെ കുർബ്ബാന ചൊല്ലുന്നതിന് പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു.

15 ഞായർ. പരുമല മാനേജർ മാത്യൂസ് കത്തനാർ കുർബ്ബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തു. നാം കുർബ്ബാനയിൽ സംബന്ധിക്കുകയും മറ്റും ചെയ്തു. ഉച്ചകഴിഞ്ഞ് കുറിച്ചി പള്ളിക്കാർ വന്നു പുതിയ ചാപ്പലിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞ് ആധാരം എഴുതി തരുന്ന കാര്യങ്ങളും തീർച്ചയാക്കി പോയി. നാലു മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ താഴത്തങ്ങാടി പള്ളിയിൽ നിന്നും ഇവിടെ വന്നു വിശേഷങ്ങൾ അറിഞ്ഞ് തിരുവല്ലായ്ക്കു പോയി. 6 മണിക്കു ഈവാനിയോസ് മെത്രാച്ചൻ എം.ഡി. സെമിനാരിയിൽ നിന്നും ഇവിടെ വന്ന് വിശേഷങ്ങൾ അറിഞ്ഞശേഷം പുതുപ്പള്ളിക്കു പോയി. സന്ധ്യയോടു കൂടി മൂലേടത്തു നിന്നും അബ്രഹാം കത്തനാർ വന്ന് ഇവിടെ താമസിച്ചു.

16 തിങ്കൾ. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു.

17 ചൊവ്വ. എണ്ണസേവയിലായിരുന്നു. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു.

18 ബുധൻ. എണ്ണസേവ ഇന്നുകൊണ്ട് അവസാനിച്ചു. മാനേജർ കത്തനാർ വന്നിട്ടുണ്ടായിരുന്നു. അബ്രഹാം കത്തനാർ ഇവിടെ താമസിക്കുകയും ചെയ്തു.

19 വ്യാഴം. വിശേഷങ്ങൾ ഒന്നുമില്ല. പത്ഥ്യം ആരംഭിച്ചു. അബ്രഹാം കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു.

20 വെള്ളി. വളരെ സൗഖ്യമായിരുന്നു. 11 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ വന്ന് ഇവിടെ താമസിച്ചു. മാനേജർ കത്തനാരും സി. സി. വറുഗീസ് കത്തനാരും കുഞ്ഞുവർക്കിയും പുത്തൻകാവുകാരൻ ഫൈജി ചാക്കോച്ചനും മറ്റും കൂടി മുളക്കുളത്ത് അച്ചന്റെ ആവശ്യത്തിലേക്കു ഗവൺമെന്റുമായി ചില കരാറുകൾക്കു പോയി. മുളക്കുളത്ത് പൂവത്തുങ്കൽ വല്യച്ചൻ മരിച്ചുപോയതായി അറിവ് കിട്ടി. കോട്ടയത്ത് പ്രധാനികളായ പലരെയും വിളിച്ചുകൂട്ടി അച്ചന്റെ കബറടക്കത്തിന് പോകുന്നതിനായി ദീവന്നാസ്യോസ് മെത്രാച്ചനും മാനേജർ അച്ചനും കൂടി ആലോചന നടത്തി.

21 ശനി. കാലത്ത് എട്ടു മണിക്ക് കാപ്പിമേശ കഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചനും മാനേജരച്ചൻ, അബ്രഹാം കത്തനാർ, കൂടാതെ സിമ്മനാരിക്കാരിൽ അധികപേരുംകൂടി മുളക്കുളത്ത് അച്ചന്റെ ശവം അടക്കുന്നതിനായി പോയി. പോലീസിന്റെ അകമ്പടിയും സൂക്ഷ്മതയും അവിടെ നമ്മുടെ സഹായത്തിനായി ഉണ്ടായിരുന്നു. തീമോത്തിയോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും അവിടെയുണ്ടായിരുന്നു. എല്ലാവരും കൂടി മരിച്ച അച്ചന്റെ കബറടക്കം കഴിഞ്ഞ് 4 മണിക്കു ഇവിടെ വന്നു വിവരങ്ങൾ നമ്മെ അറിയിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ 5 മണിക്കു തിരുവല്ലായ്ക്കു പോയി. അബ്രഹാം കത്തനാർ മൂലേടം പള്ളി നടത്താൻ പോയി. ഏലിയാസ് കോറെപ്പിസ്കോപ്പാ നാളെ കുർബ്ബാന ചൊല്ലുന്നതിനായി വന്നു താമസിക്കുകയും ചെയ്തു.

22 ഞായർ. കവിയൂർക്കാരൻ ഏലിയാസ് തോമസ് കോർഎപ്പിസ്കോപ്പാ ഇവിടുത്തെ അരമനചാപ്പലിൽ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. നാം അതിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് കോറി അച്ചൻ തിരിച്ചുപോകുകയും ചെയ്തു. വിശേഷങ്ങൾ ഒന്നുമില്ല.

23 തിങ്കൾ. സുഖമായി ഇവിടെ താമസിച്ചു. അബ്രഹാം കത്തനാർ വന്ന് ഇവിടെ താമസിച്ച് കാര്യങ്ങൾ നോക്കുകയുണ്ടായി. മാനേജർ കത്തനാരും മട്ടയ്ക്കൽ വല്യകത്തനാരും വന്നിരുന്നു. കെ. ഒ. മാത്യു വക്കീലും കോരുത്ജഡ്ജിയും കൂടി വന്ന് വിശേഷങ്ങൾ അറിഞ്ഞുപോയി.

24 ചൊവ്വ. സുഖമായിരുന്നു. അബ്രഹാം കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. നാലു മണി കഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചൻ വരികയും സംസാരിക്കുകയും ചെയ്തശേഷം മടങ്ങിപ്പോയി.

25 ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. മണലിൽ യാക്കോബ് കത്തനാരും മാനേജർ കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു.

26 വ്യാഴം. നാം ഇവിടെ സുഖമായി താമസിച്ചു. മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നതിനാൽ ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ 10 മണിക്ക് വന്നു കാര്യങ്ങൾ ആലോചിച്ച ശേഷം വൈകിട്ട് അഞ്ചര മണിക്ക് എല്ലാവരും തിരിച്ചുപോയി. പരുമല മാനേജർ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെ നമ്മോടു കൂടി താമസിച്ചു.

27 വെള്ളി. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. പള്ളിയുടെ മുറ്റത്ത് മണ്ണ് ഇറക്കുന്ന ജോലിയും പള്ളിയുടെ കതക്, ജനലുകൾ പെയിന്റ് ചെയ്യുന്ന പണികൾ ഉണ്ടായിരുന്നു. മാനേജർ കത്തനാരും മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. ഏലിയാസ് തോമസ് കോർഎപ്പിസ്കോപ്പായും എം. എം. ജയിക്കബ് കത്തനാരും വന്നിരുന്നു.

28 ശനി. അബ്രഹാം കത്തനാർ കൊല്ലാട് പള്ളിയിൽ കുർബ്ബാന ചൊല്ലുന്നതിനായി പോയി. മാനേജർ കത്തനാർ വന്നിരുന്നു. വി. ജി. ഗബ്രിയേൽ കത്തനാർ വന്നിരുന്നു. പത്ഥ്യമായിരുന്നെങ്കിലും പള്ളിയുടെ മുറ്റത്ത് മണ്ണ് ഇടുന്നതും മറ്റും കാണാൻ പോയി. സന്ധ്യാനമസ്കാരം പള്ളിയിൽ പോയി നടത്തുകയും നമസ്കാരത്തിനുശേഷം ശുദ്ധീകരണ കൂദാശ നടത്തുകയും ചെയ്തു. ഇന്ന്

വളരെ സുഖമുണ്ടായിരുന്നു.

29 ഞായർ. ഏലിയാ ചാപ്പൽ വികാരി വാളനടിയിൽ തോമസ് കത്തനാർ ഇവിടെ വന്ന് കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിച്ചു. ഉച്ചയ്ക്കു തോമസ് കത്തനാർ പോയി. സന്ധ്യയോടു കൂടി മൂലേടത്തു നിന്നും അബ്രഹാം കത്തനാർ വന്ന് ഇവിടെ താമസിച്ചു. വളരെ സൗഖ്യം തന്നെയായിരുന്നു.

30 തിങ്കൾ. എണ്ണ സേവിച്ചതിന്റെ പത്ഥ്യം ഇന്നുകൊണ്ട് തീർന്നു. നമസ്കരിക്കുന്നതിനു പള്ളിയിൽ പോയി. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

31 ചൊവ്വ. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു.

1956 ഓഗസ്റ്റ്

1. ബുധൻ. മർത്തശ്മൂനിയുടെയും മറ്റും ഓർമ്മദിവസമായിരുന്നതിനാൽ അബ്രഹാം കത്തനാർ കുർബ്ബാന ചൊല്ലി. നാമും അതിൽ സംബന്ധിച്ചു. 15 നോമ്പ് ഇന്ന് ആരംഭിച്ചു. മാനേജർ കത്തനാർ വന്നിരുന്നു. ബഥനി പെരുനാട്ടിൽ നിന്നും കന്യാസ്ത്രീകൾ വന്നു നമ്മെ കാണുകയുണ്ടായി. കൊല്ലത്തു നിന്ന് റ്റി. ജി. മാത്യു വക്കീൽ വന്നു. വക്കീലിന്റെ അനുജൻ പൊടികുഞ്ഞിന്റെ മകൻ മത്തായി എന്ന കൊച്ചന് പട്ടം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. അടുത്ത ദിവസം തന്നെ പട്ടം കൊടുക്കാമെന്നു നിശ്ചയിച്ചു. കല്ലട പീടികയിൽ കത്തനാരും വന്നു താമസിക്കുകയുണ്ടായി. പട്ടമേൽക്കാനുള്ള കൊച്ചന് ഗുണദോഷങ്ങൾ പറഞ്ഞുകൊടുത്തശേഷം കുപ്പായം വാഴ്ത്തിക്കൊടുത്തു. ഒരു വിധം സുഖമായിരുന്നു.

2 വ്യാഴം. കല്ലട പീടികയിൽ ഗീവറുഗീസ് കത്തനാർ കുർബ്ബാന ചൊല്ലി. നാം കടമ്പനാട് താഴേതിൽ പൊടിയുടെ മകൻ മത്തിയൂസിന് കോറൂയോ പട്ടം കൊടുത്തു. പട്ടംകൊടയും മറ്റും കഴിഞ്ഞ് വക്കീലും മറ്റും പോയി. മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ വന്നു കൂടി കാര്യങ്ങൾ ആലോചിച്ചു. ഉച്ചനമസ്കാരം, മേശ ഇവകൾ കഴിഞ്ഞു വീണ്ടും ആലോചനകൾ കഴിഞ്ഞ് അഞ്ചു മണിക്ക് അവരെല്ലാം തിരിച്ചുപോയി. മാനേജർ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. കാലിൽ അല്പം നീരുണ്ടായി. മറ്റ് വിശേഷങ്ങൾ ഒന്നുമില്ല.

3 വെള്ളി. സുഖമായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. ഉമ്മൻ ശെമ്മാശൻ വീട്ടിൽ പോയി. കൊപ്പാറ കത്തനാരും കുടുംബവും കൂടി വന്നു നമ്മെ കാണുകയുണ്ടായി.

4 ശനി. അബ്രഹാം കത്തനാർ മൂലേടത്തേക്കു പോയി. വിശേഷങ്ങൾ ഒന്നുമില്ല. സുഖമായിരുന്നു.

5 ഞായർ. കാലത്ത് ഏഴു മണിക്ക് എം.ഡി. സിമ്മനാരിയിൽ നിന്നും അത്താനാസ്യോസ് മെത്രാച്ചനെ കൊണ്ടുവരികയും അദ്ദേഹം കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും മറ്റും ചെയ്തു. നാം അതിൽ സംബന്ധിച്ചു. കൈ മുത്തിക്കുന്നതിനു മുമ്പ് ഒരു ലഘു പ്രസ്താവന നടത്തുകയുണ്ടായി. ഉച്ചയോടു കൂടി മെത്രാച്ചൻ തിരിച്ചുപോയി. സുഖമായി നാം ഇവിടെ വിശ്രമിച്ചു. നാലു മണി കഴിഞ്ഞ് അബ്രഹാം കത്തനാരും ആലയ്ക്കപറമ്പിൽ യാക്കോബ് കത്തനാരും വന്നു. ഇവിടെ താമസിച്ചു. ഉമ്മൻ ശെമ്മാശനും വന്നു.

6. തിങ്കൾ. മറുരൂപപ്പെരുന്നാൾ ആയിരുന്നതിനാൽ ആലയ്ക്കപറമ്പിൽ യാക്കോബ് കത്തനാർ കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ച് കുർബ്ബാന കാണുകയുണ്ടായി. അബ്രഹാം കത്തനാരും ഇവിടെ ഉണ്ടായിരുന്നു. മട്ടയ്ക്കൽ ജോർജ് കത്തനാർ വന്നിരുന്നു. ആലയ്ക്കപറമ്പിൽ കത്തനാർ കുർബ്ബാന കഴിഞ്ഞു പോകയും ചെയ്തു.

7 ചൊവ്വ. വിശേഷങ്ങൾ ഒന്നുമില്ല. മൂലവട്ടത്ത് അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു. കാലിൽ അല്പം നീരുണ്ടായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു.

8 ബുധൻ. കാലിൽ നീരും അല്പമായ ജലദോഷവുമുണ്ടായിരുന്നു. ചുമയുടെയും മറ്റും അസുഖങ്ങളുമായിരുന്നു. മാനേജർ കത്തനാരും കാരിക്കോട്ടു കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. ചെങ്ങരൂർക്കാരൻ ഈപ്പൻ ശെമ്മാശൻ വന്നു.

9 വ്യാഴം. വിശേഷങ്ങൾ ഒന്നുമില്ല. മാനേജർ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെയുണ്ടായിരുന്നു.

10 വെള്ളി. ഒരുവിധം സുഖമുണ്ടായിരുന്നു. പെരുന്നാളിന്റെ ഒരുക്കങ്ങൾ മറ്റും നടത്തിക്കുന്ന ജോലിയുണ്ടായിരുന്നു. അബ്രഹാം കത്തനാർ മൂലേടത്തിനു പോയി.

11 ശനി. വളരെ സുഖമുണ്ടായിരുന്നു. മാനേജർ കത്തനാർ, അബ്രഹാം കത്തനാർ, യോഹന്നാൻ മല്പാൻ എന്നിവർ വരികയും കാര്യങ്ങൾ അന്വേഷിച്ചു പോകുകയും ചെയ്തു. ഈവാനിയോസ് മെത്രാച്ചൻ നാലുമണിക്ക് വന്ന് പെരുന്നാൾ ചടങ്ങുകളെക്കുറിച്ച് അന്വേഷിച്ച് നമ്മുടെ സുഖസ്ഥിതി അറിഞ്ഞ് അടുത്ത ദിവസം കുർബ്ബാന ചൊല്ലാൻ വരാമെന്നു പറഞ്ഞു മടങ്ങിപ്പോയി.

12 ഞായർ. കാലത്ത് ഏഴു മണിക്ക് ഈവാനിയോസ് മെത്രാച്ചൻ വന്നു. പള്ളിയിൽ പോയി മെത്രാച്ചൻ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. 15-നു കൂദാശയുടെ കാര്യങ്ങളും പെരുന്നാളിനെയും കുറിച്ച് നാം വിളിച്ചു പറഞ്ഞു. 10 മണിക്കു കുർബ്ബാന കഴിഞ്ഞ് മുറിയിൽ വന്നു വിശ്രമിക്കുകയും മറ്റും ചെയ്തു. പതിനൊന്നര മണിക്ക് മെത്രാച്ചൻ മാങ്ങാനം ദയറായിലേക്കു പോകുകയും ചെയ്തു. പെരുനാൾ പ്രമാണിച്ച് നാലു മണിക്ക് കൊടിമരം ഇടുകയും മറ്റും ചെയ്തു. അബ്രഹാം കത്തനാരും യാക്കോബ് കത്തനാർ, മാനേജരച്ചൻ എന്നിവരും ചുറ്റുമുള്ള ഇടവകകളിൽ നിന്ന് ആളുകളും നേതാക്കന്മാരും വരികയും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തശേഷം പോകുകയും ചെയ്തു.

13 തിങ്കൾ. പെരുന്നാൾ പണികൾ വളരെ വേഗത്തിൽ നടത്തിക്കുന്നുണ്ടായിരുന്നു. പരുമല മാനേജർ കത്തനാരും മണലിൽ കത്തനാരും ജയിക്കബ് കത്തനാർ, അബ്രഹാം കത്തനാർ എന്നിവരും ഉണ്ടായിരുന്നു. ഉച്ചയോടുകൂടി മാർ തീമോത്തിയോസ് മെത്രാച്ചനും കുന്നംകുളത്ത് കാക്കശ്ശേരി യൗസേഫ് കത്തനാരും പുതുതായി മെത്രാച്ചൻ പട്ടംകൊടുത്ത തെക്കേക്കര ദാവീദ് കത്തനാരും മറ്റും കൂടി വരികയും ഇവിടെ താമസിക്കുകയും ചെയ്തു.

14 ചൊവ്വ. കൂദാശയും പെരുന്നാളുമായിരുന്നു. ഉച്ചകഴിഞ്ഞ് പാമ്പാടിയിൽ നിന്നും ഗ്രീഗോറിയോസ് മെത്രാച്ചനും ഒസ്താത്തിയോസ്, ഈവാനിയോസ്, അത്താനാസ്യാസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാരും വന്നുചേർന്നു. അച്ചന്മാരും ശെമ്മാശന്മാരും ധാരാളം വന്നു. വലിയ ജനക്കൂട്ടവും ഉണ്ടായിരുന്നു. 6 മണിക്ക് സന്ധ്യാനമസ്കാരവും ആരംഭിച്ചു. നമസ്കാരശേഷം കൂദാശയുടെ കുറച്ചു ഭാഗങ്ങൾ തീർത്തു. അതിനെ തുടർന്ന് റാസ നടത്തുകയും വളരെ ഭംഗിയായി വാദ്യമേളങ്ങളോടു കൂടിയും ദീപകാഴ്ചകളും വെടിക്കെട്ടുകളും മറ്റും നടത്തി. പത്തു മണിയോടു കൂടി വിശ്രമിക്കുകയും ചെയ്തു.

15 ബുധൻ. രാത്രി നമസ്കാരം 5 മണിക്ക് നടത്തി. 7 മണിക്ക് മെത്രാച്ചന്മാരും നാമും കൂടി പള്ളിയിലേക്കു പോയി പ്രഭാത നമസ്കാരവും അതിനെ തുടർന്ന് മൂറോനഭിഷേകത്താലുള്ള കൂദാശയും നടത്തി. നാമും തീമോത്തിയോസ് മെത്രാച്ചനും പാമ്പാടി മെത്രാച്ചനും കൂടി കൂദാശ നടത്തി. ധാരാളം തബലീത്താ പലകകളും കൂദാശ ചെയ്തു. പിന്നീട് ഞങ്ങൾ മൂവരും കൂടി മൂന്നിന്മേൽ കുർബ്ബാനയും ചൊല്ലി. കൂടാതെ ഈവാനിയോസ്, ഒസ്താത്തിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാരും ഉണ്ടായിരുന്നു. ഏഴു മണിക്ക് ആരംഭിച്ച നമസ്കാരങ്ങളും ശുശ്രൂഷകളും പന്ത്രണ്ടര മണിയോടു കൂടി അവസാനിച്ചു. അല്പസമയം നാം പ്രസംഗിക്കുകയും ചെയ്തു. പിന്നീട് റാസ, നേർച്ചവിളമ്പ് എന്നിവ നടത്തി. നാലു മണിക്ക് പാമ്പാടി മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും തിരിച്ചുപോയി. മഴയുടെ വലിയ ഉപദ്രവം ശുശ്രൂഷാ സമയത്ത് ഉണ്ടായില്ല. അത്താനാസ്യോസ് മെത്രാച്ചനും വെളിയിൽ നിന്നു വന്നിട്ടുള്ള അച്ചന്മാരും ശെമ്മാശന്മാരും കൂടാതെ ജനങ്ങളും പിരിഞ്ഞുപോയി. അടുത്ത ദിവസം സുന്നഹദോസ് ഉണ്ടാകുന്നതുകൊണ്ട് മറ്റു മെത്രാച്ചന്മാർ നമ്മോടു കൂടി താമസിച്ചു.

(തുടരും)

സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ അമരനായ ശില്പി കെ. ഡേവിഡ് കോർഎപ്പിസ്കോപ്പാ മാവേലിൽ

മനോജ് ചന്ദനപ്പള്ളി

സർഗാത്മക വൈദിക ശ്രേഷ്ഠൻ

സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ ക്രമീകരണവും പാഠ്യപദ്ധതിയും രൂപ കല്പന ചെയ്ത വൈദീക ശ്രേഷ്ഠനായിരുന്നു മാവേലിൽ ഡേവിഡ് കോർ എപ്പിസ്കോപ്പ. മലങ്കര ഓർത്തഡോക്സ് സിറിയൻ സൺഡേ സ്കൂൾ ജനറൽ സെക്രട്ടറി, ഡയറക്ടർ ജനറൽ, പബ്ലിക്കേഷൻ ഓഫീസർ, വൈദിക സെമിനാരി പ്രിൻസിപ്പൽ,മലങ്കര അസോസിയേഷൻ സെക്രട്ടറി, എന്നീ നിലകളിൽ ദീർഘ കാലം പ്രവർത്തിച്ചു.

തുമ്പമൺ എം.ജി.എം മിഡിൽ സ്കൂളിലും കോട്ടയം എം.ഡി. ഹൈ സ്കൂളിലും വിദ്യാഭ്യാസം നേടി. തുടർന്ന് കൽക്കട്ട സർവകലാശാലയിൽ ഡിസ്റ്റിംഗ്ഷനോടെ ബി.എയും, സെറാമ്പൂർ കോളേജിൽനിന്ന് ബി.ഡി. ഡിഗ്രിയും നേടി. 1911-ൽ വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് ശെമ്മാശു പട്ടവും, 1929-ൽ കശ്ശീശ പട്ടവും, 1965-ൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ കാതോലിക്കാ ബാവയിൽ നിന്ന് കോർ എപ്പിസ്കോപ്പ സ്ഥാനവും സ്വീകരിച്ചു.

1923-ൽ കോട്ടയം എം.ഡി. ഹൈസ്കൂളിൽ അധ്യാപകനായി ചേർന്നു. അദ്ദേഹത്തിന്റെ അധ്യാപകജീവിതത്തിലെ ശ്രദ്ധേയമായ സംഭവങ്ങളിൽ ഒന്നായി, പിൽക്കാലത്ത് ഇന്ത്യയുടെ രാഷ്ട്രപതിയായ ഡോ. കെ. ആർ. നാരായണൻ എന്ന മഹാനുഭാവൻ കോട്ടയത്ത് സി.എം.എസ്. കോളേജിൽ പഠിക്കാൻ എത്തി യപ്പോൾ, താമസസൗകര്യങ്ങൾ ഒരുക്കിയതിലൂടെ കോർഎപ്പിസ്കോപ്പായുടെ കരുതലിന്റെയും മാനവികതയുടെയും ഉദാത്ത ഉദാഹരണം പതിഞ്ഞിരിക്കുന്നു. താൻ വാർഡന്റെ ചുമതലകൂടി വഹിച്ച കോട്ടയം എം.ഡി. ഹൈസ്കൂൾ ഹോസ്റ്റലിലാണ് വിദ്യാർത്ഥിയായ കെ. ആർ. നാരായണനെ താമസിപ്പിച്ച്, അദ്ദേഹം പഠന സൗകര്യം ഒരുക്കി നൽകി പ്രോത്സാഹിപ്പിച്ചത്. 26 വർഷത്തെ അധ്യാപനശേഷം പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളിൽ ആറുവർഷം കൂടി അധ്യാപകനായി സേവനം അനുഷ്ഠിച്ചു.

അധ്യാപകനും എഴുത്തുകാരനും

വേദാധ്യാപകൻ, മലങ്കരസഭാ ചരിത്രം, സുനഹദോസുകൾ, സൺഡേ സ്കൂൾ പാഠാവലി തുടങ്ങിയ പ്രസിദ്ധഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ രചനക ളാണ്. സൺഡേ സ്കൂൾ പ്രസ്ഥാനത്തിനായി സ്വതന്ത്രമായ പ്രസിദ്ധീകരണ വിഭാഗം രൂപീകരിക്കുകയും ഒരു പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ ദൂരദർശിത്വത്തിന്റെ ഉദാഹരണമായിരുന്നു.

അൻപത് വർഷം ചന്ദനപ്പള്ളി വലിയപള്ളിയിലും അങ്ങാടിക്കൽ മാർ ബസേലിയോസ് പള്ളിയിലും കോട്ടയം മാർ ഏലിയാസ് കത്തീഡ്രലിലും ചന്ദന പ്പള്ളി സെൻറ് തോമസ് ഇടവകയിലും വികാരിയായും പ്രവർത്തിച്ചു. അങ്ങാടി ക്കൽ നെടുമൺകാവ് പള്ളി സ്ഥാപിക്കുന്നതിലും ചന്ദനപ്പള്ളി ദേശാഭിവർദ്ധിനി വായനശാല സ്ഥാപിക്കുന്നതിലും നിർണ്ണായക പങ്ക് വഹിച്ചു.

കൃതികൾ

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രസിദ്ധീകരണ വിഭാഗം, പൈതൃകം പരമ്പരയിൽ ഡേവിഡ് കോർഎപ്പിസ്കോപ്പ രചിച്ച 'മലങ്കരസഭാ ചരിത്രം', 'വേദാധ്യാപകൻ' എന്നീ രണ്ട് കൃതികൾ ഇപ്പോൾ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.


പൈതൃകം മലങ്കരസഭാ സാഹിത്യ സരണി
MOC
വേദാധ്യാപകൻ
വേദാധ്യാപകൻ
കെ. ഡേവിഡ് കോർ-എപ്പിസ്കോപ്പ
- പൗരസ്ത്യ വേദശാസ്ത്രത്തിന്റെ അടിസ്ഥാ നത്തിൽ വിശുദ്ധ ഗ്രന്ഥത്തെ പരിചയപ്പെടുത്തുന്ന അത്യന്തം ഉപയോഗപ്രദമായ ഒരു ശ്രേഷ്ഠകൃതി.
- ചക്രവർത്തിമാർ മുതൽ മുക്കുവർ വരെ, നാൽപ്പതിലധികം ഗ്രന്ഥകാരന്മാർ ആയിരത്തി അഞ്ഞൂറിലധികം വർഷങ്ങൾ കൊണ്ട് പൂർത്തിയാ ക്കിയ പുസ്തകങ്ങളുടെ സമുച്ചയമായ ബൈബി ളിലെ ചരിത്രം, രാഷ്ട്രീയം, ഭൂമിശാസ്ത്രം, സംസ് ക്കാരം മുതലായവയെ സമഗ്രമായും ലളിതമായും പരിചയപ്പെടുത്തുന്നു.
- അദ്ധ്യാപകർക്കു മാത്രമല്ല, വേദ വിദ്യാർത്ഥി കൾക്കും തികച്ചും സഹായകരം.
MOC PUBLICATIONS KOTTAYAM
No.: 1261
Price: ₹180
കെ. ഡേവിഡ് കോർ-എപ്പിസ്കോപ്പ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

തണ്ടിനോടിത്രയെങ്കിൽ മെത്രാനോടെത്ര?

ഡോ. എം. കുര്യൻ തോമസ്

1653-ലെ കൂനൻ കുരിശു സത്യത്തിനു ശേഷമുള്ള കാലം. റോമൻ കത്തോലിക്കാ നുകം പറിച്ചെറിഞ്ഞ മലങ്കര നസ്രാണികളെ എങ്ങനയും കീഴ്പ്പെടുത്തുക എന്ന ദൗത്യവുമായി റോം അയച്ച ജോസഫ് സെബസ്താനി എന്ന മെത്രാന്റെ ഫലപ്രാപ്തിയിലെത്താത്ത പരാക്രമങ്ങളുടെ കാലം. *ഇടയനെ വെട്ടിയാൽ ആടുകൾ ചിതറും* എന്ന കണക്കുകൂട്ടലോടെ മഹാനായ മാർത്തോമ്മാ ഒന്നമനേയും മുഖ്യ ഉപദേഷ്ടാവ് ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരെയും പിടികൂടി കാലപുരിയ്ക്ക് അയയ്ക്കുക എന്നതിലായി സെബസ്ത്യാനിയുടെ ശ്രദ്ധ. കൂട്ടിന് വീഞ്ഞുഭരണികൾക്ക് മറിയുന്ന ഗോദവർമ്മൻ എന്ന കൊച്ചി ഇളമുറത്തമ്പുരാനെയും കിട്ടി. വേട്ടയ്ക്കിടയിൽ മാർത്തോമ്മാ ഒന്നമനും ഇട്ടിത്തൊമ്മൻ കത്തനാരും മുളന്തുരുത്തി പള്ളിയിൽ ഉണ്ടന്നറിഞ്ഞ് സെബസ്ത്യാനിയും ഗോദവർമ്മന്റെ സൈന്യവും മുളന്തുരുത്തി പള്ളി വളഞ്ഞു. പക്ഷേ ഇരുവരും നാടകീയമായി രക്ഷപെട്ടു. അരിശം മൂത്ത സെബസ്ത്യാനി മെത്രാന്റെ തണ്ട് (പല്ലക്ക്) വെട്ടിപ്പൊളിച്ച് തീയിട്ടു. ഈ പരാക്രമം കണ്ട മുളന്തുരുത്തിക്കാർ ചോദിച്ചതാണ്: *മെത്രാനിരുന്ന തണ്ടിനോടിത്രയെങ്കിൽ മെത്രാനെ കിട്ടിയാലെത്ര?*

2025 ഒക്ടോബർ 15-ന് ചേപ്പാടു പള്ളിയുടെ പടിഞ്ഞാറെ നടയിലെ പുരാതനമായ കൽക്കുരിശ് അനധികൃതമായി പൊളിച്ചു നീക്കിയ സർക്കാർ നടപടിയാണ് ഈ കുറിപ്പിന് ആധാരം. ചേപ്പാട്ട് നടന്ന *ബുൾഡോസർ രാജ്* തികച്ചും നിയമവിരുദ്ധമാണ് എന്നാണ് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്. വിവിധ മാദ്ധ്യമങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

1. ആദ്യം പൈതൃക കേന്ദ്രമായ ചേപ്പാട്ട് പള്ളി പൂർണ്ണമായും ഇല്ലാതാകുന്ന രീതിയിൽ ദേശീയപാത വികസനത്തിന് കല്ലിട്ടു.

2. ചേപ്പാട്ട് പള്ളിയുടെ ചരിത്ര പ്രാധാന്യവും കലാമൂല്യവും ബോദ്ധ്യപ്പെട്ട കേന്ദ്ര സർക്കാർ അത് സംരക്ഷക്ഷിക്കുന്നതിനായി അധികച്ചിലവ് വഹിച്ച് പള്ളിക്കു മുമ്പിലുള്ള ഭാഗം തൂണുകളിലുയർത്തി എലിവേറ്റഡ് ഹൈവേ ആക്കി പുനർ രൂപകല്പന ചെയ്തു.

3. പള്ളി നിർമ്മിതികൾ പൊളിച്ചു മാറ്റില്ല എന്ന കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുടെ ഉത്തരവ് മുഖ്യമന്ത്രി പിണറായി വിജയൻ ചേപ്പാട്ട് പള്ളിയെ ഔദ്യോഗികമായി അറിയിച്ചു.

4. ഇതിനിടയിൽ പള്ളിവക നിർമ്മിതികൾ പൊളിക്കുന്നതിനെതിരായി ഹൈക്കോടതിയുടെ സ്റ്റേ ഉണ്ടായി.

5. പള്ളി നിർമ്മിതികൾ പൊളിക്കുന്നതിനെപ്പറ്റി നിയമപരമായ നോട്ടീസ് നൽകിയിട്ടില്ല.

6. ചില റിപ്പോർട്ടുകൾ പ്രകാരം ചുവരിൽ ഒരു ആണി അടിക്കുന്നതിനു പോലും പുരാവസ്തുവകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങേണ്ട ചരിത്രസ്മാരകമാണ് ചേപ്പാട്ട് പള്ളി.

ഈ വിവരങ്ങൾ സത്യമെങ്കിൽ ചേപ്പാട്ടെ *ബുൾഡോസർ രാജ്* അക്ഷന്തവ്യമായ അപരാധമാണ്. ആർ.ഡി.ഒ., വമ്പൻ പോലീസ് സന്നാഹം എന്നിവയുടെ സാന്നിദ്ധ്യം കൃത്യമായ ഒരു ഗൂഡാലോചനയുടെ തെളിവായി ആരെങ്കിലും സൂചിപ്പിച്ചാൽ അതിനെ ശരിവെയ്ക്കേണ്ടിവരും.

ആർക്കായിരുന്നു ചേപ്പാട്ടെ കുരിശു പൊളിക്കാൻ ഇത്ര തിടുക്കം? ഏതായാലും ചേപ്പാട്ടു പള്ളി സംരക്ഷിക്കാൻ കോടിക്കണക്കിനു രൂപയുടെ അധികച്ചിലവു വഹിച്ച് എലിവേറ്റഡ് ഹൈവേ ആക്കിയ കേന്ദ്രസർക്കാർ നിയന്ത്രിക്കുന്ന നാഷണൽ ഹൈവേ അതോറിറ്റി ആവില്ല എന്ന് ഏതാണ്ട് ഉറപ്പിക്കാം.

കുറെക്കാലമായി മലങ്കരസഭയെ പൂർണ്ണമായും വരുതിയിലാക്കാൻ ശ്രമിക്കുന്ന ചില ശക്തികൾ ഉണ്ട്. ഇതുവരെ സഫലമാകാത്ത ആ പരിശ്രമത്തിലുണ്ടായ മോഹഭംഗം സൃഷ്ടിച്ച പകയാണോ ചേപ്പട്ടെ കുരിശിൽ തീർത്തത്? ഈ സന്ദേഹം നിലനിൽക്കുന്നതിനാലാണ് ഈ ലേഖനത്തിന്റെ തലക്കെട്ട് ഇപ്രകാരമാക്കിയത്.

കുരിശ് ക്രൈസ്തവ മതത്തിന്റെ പരിപാവനമായ ചിഹ്നമാണ്. ചേപ്പാട്ടെ കൽക്കുരിശ് നാനാജാതിമതസ്ഥരായ നാട്ടുകാർ തിരിതെളിക്കുന്ന ദേവസ്ഥാനവുമാണ്. ഈ ഭക്തി - മത പരിവേഷങ്ങൾക്കപ്പുറം ചേപ്പാട് കൽക്കുരിശിന് മതാതീതമായ ഒരു പ്രാധാന്യമുണ്ട്. നൂറ്റാണ്ടുകളിലേയ്ക്ക് നീളുന്ന അതിന്റെ ചരിത്ര പ്രാധാന്യം.

പുരാതന നസ്രാണി പള്ളികളിലെ കൽക്കുരിശുകളിൽ പലതിനും പള്ളിയേക്കാൾ പഴക്കമുണ്ടാകും. ഒരു പ്രദേശത്ത് നസ്രാണി കുടിയിരിപ്പുകൾ ആരംഭിക്കുകയും അവ അങ്ങടികളായി വികസിക്കുകയും ചെയ്യുന്നതിനോടനുബന്ധിച്ചാണ് പള്ളിസ്ഥാപനം നടക്കുക. വർഷങ്ങളെടുക്കുന്ന ആ പ്രക്രിയയ്ക്ക് മുന്നോടിയായി നസ്രാണി അങ്ങാടികളുടെ സാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന *ആപണങ്ങൾ* - കൊടിക്കൂറ - ആയിട്ടാണ് കൽക്കുരിശുകൾ സ്ഥാപിക്കുക. ഇത് അങ്ങാടി മദ്ധ്യത്തിലുള്ള പള്ളിക്കു മുമ്പിൽത്തന്നെ ആവണമെന്നില്ല. ജല മാർഗ്ഗമോ കരമാർഗ്ഗമോ ഉള്ള വ്യാപാരമാർഗ്ഗങ്ങളിൽനിന്നും പള്ളിയിലേയ്ക്കും അങ്ങാടിയിലേയ്ക്കും നയിക്കുന്ന കവാടങ്ങിളിലും ആകാം. 8-10 നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ചേപ്പാടു പള്ളിയുടെ കൽക്കുരിശിന് അത്രെയെങ്കിലും പഴക്കമുണ്ട്. അതുതന്നെയാണ് അതിന്റെ പ്രാധാന്യവും.

അംഗീകൃത പുരാചിത്ര സംരക്ഷക വിദഗ്ദനായ വി. എം. ജിജുലാൽ, ചേപ്പാട് കുരിശുധ്വംസനത്തെക്കുറിച്ച് ഹൃദയവേദനയോടെ എഴുതിയ

ഫേസ്ബുക്ക് കുറിപ്പ് തികച്ചും ശ്രദ്ധേയമാണ്. കുറിപ്പിന്റെ പൂർണ്ണരൂപം:

> "ചേപ്പാട് ഓർത്തഡോക്സ് പള്ളിയിൽ നടന്നിട്ടുള്ള ഈ കയ്യേറ്റം വളരെ ദുഃഖകരമാണ്. അതിപുരാതനമായ ഈ ദേവാലയം - അവിടുത്തെ പുരാതന കൽക്കുരിശുകൾ തകർക്കപ്പെടുകയും പഴയ നിർമ്മിതിക്ക് കേടുപാടുകൾ വരുത്തുകയും ചെയ്യുന്നു. പൗരാണികമായ ഇത്തരം നിർമിതികൾ സംരക്ഷിക്കാതെ ആ തലമുറയുടെ അവശേഷിപ്പുകൾ എന്നെന്നേക്കുമായി തകർത്തെറിയപ്പെടുന്നു. ഒരു നിമിഷം കൊണ്ട് ഇന്ന് ഇത് തകർത്തെറിയാൻ സാധിക്കാം. പക്ഷേ എത്രയോ വർഷങ്ങൾക്കു മുമ്പ് നമ്മുടെ പൂർവ്വികരുടെ കഠിനാദ്ധ്വാനത്തിന്റെ അടയാളം, ഒരു കാലഘട്ടത്തിന്റെ അവശേഷിപ്പാണിത്. ഇത്തരം നിർമ്മിതികൾ, ദേവാലയങ്ങൾ നിലനിൽക്കുക തന്നെവേണം. ഈ ദേവാലയത്തിൽ അതിമനോഹരവും പുരാതനവുമായ നിരവധി ചുമർ ചിത്രങ്ങൾ ഉണ്ട് ഇത്തരം ചിത്രങ്ങൾ കാണാനും നമ്മുടെ പൈതൃകം തേടിയെത്തുന്ന വിദേശികൾ അല്ലെങ്കിൽ ചരിത്രാന്വേഷികളോട് എന്താണ് നമുക്ക് പറയാനുള്ളത്. പല രാജ്യങ്ങളും നാടുകളും അവരുടെ പൈതൃക സ്വത്തുക്കൾ അല്ലെങ്കിൽ ഇത്തരത്തിലുള്ള നിർമിതികൾ സംരക്ഷിച്ചു നിലനിർത്തുമ്പോൾ നമ്മൾക്ക് എങ്ങനെയാണ് ഇങ്ങനെ അതിനെ തകർത്തെറിയാൻ കഴിയുന്നത്."

പല രാജ്യങ്ങളും നാടുകളും അവരുടെ പൈതൃക സ്വത്തുക്കൾ അല്ലെങ്കിൽ ഇത്തരത്തിലുള്ള നിർമിതികൾ സംരക്ഷിച്ചു നിലനിർത്തുമ്പോൾ നമ്മൾക്ക് എങ്ങനെയാണ് ഇങ്ങനെ അതിനെ തകർത്തെറിയാൻ കഴിയുന്നത് എന്ന ജിജു ലാലിന്റെ ചോദ്യം ഒരു ഭേദഗതിയോടെ തികച്ചും പ്രസക്തമാണ്. ഇവിടെ '*നമ്മൾക്ക്*' എന്നത് '*ഇവർക്ക്*' എന്ന് തിരുത്തി വായിക്കണം. കാരണം ഭരണകൂട ഭീകരതയ്ക്ക് മുമ്പിൽ ഇവിടെ ചരിത്രസ്നേഹികളും ഭക്തജനങ്ങളും നിസഹായരാണ്.

തങ്ങളുടെ വിശ്വാസപ്രമാണങ്ങൾക്ക് വിരുദ്ധമായ ചരിത്രനിർമ്മിതികൾ തകർത്തെറിഞ്ഞ സംഭവങ്ങൾ ലോകചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് അഫ്ഗാനിസ്ഥാനിൽ മതഭ്രാന്തരായ താലിബാൻ ഭീകരർ തകർത്തെറിഞ്ഞ ആറാം നൂറ്റാണ്ടിൽ നിർമ്മിച്ച ഭീമാകാരങ്ങളായ ബാമിയാൻ ബുദ്ധ പ്രതിമകൾ. അതേസമയംതന്നെ ഏഴുദശാബ്ദത്തിലധികം നീണ്ട മതനിഷേധികളായ കമ്യൂണിസ്റ്റ് ഭരണകാലത്ത് റഷ്യയുടെ ഭരണസിരാകേന്ദ്രമായ ക്രെംലിൻ കൊട്ടാരത്തിനു മുമ്പിലുള്ള റെഡ് സ്കയറിൽ ഭീമാകാരമായ സെന്റ് ബേസിൽ കത്തീഡ്രൽ (Saint Basil's Cathedral) തലയുയർത്തി നിന്നു. സമീപത്തുതന്നെയുള്ള കത്തീഡ്രൽ ചത്വരത്തിൽ ആർച്ച് ഏഞ്ചൽസ്, ദൈവമാതാവിനോടുള്ള വചനിപ്പ്, ദൈവമാതാവിന്റെ വാങ്ങിപ്പ് (the Cathedral of the Archangel, the Cathedral of the Annunciation, and the Cathedral of the Dormition) എന്നീ കത്തീഡ്രലുകളും അംഗഭംഗം കൂടാതെ ഇന്നും തലയുയർത്തി നിൽക്കുന്നു. മത-ദൈവ നിഷേധികളായിരുന്നവെങ്കിലും റഷ്യൻ കമ്യൂണിസ്റ്റുകൾ തങ്ങളുടെ പൈതൃക നിർമ്മിതികളുടെ മൂല്യത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉള്ളവരായിരുന്നു.

വികസന ശ്രമങ്ങൾക്ക് ചരിത്രസ്മാരകങ്ങൾ വിലങ്ങുതടിയാകുന്നത് ലോകത്ത് പുതിയ സംഭവമൊന്നുമല്ല. പക്ഷേ വികസനത്തിനു വിഘാതമാകുന്ന ചരിത്ര നിർമ്മിതികളുടെമേൽ *ബുൾഡോസർ രാജ്* പ്രയോഗിക്കുകയല്ല ആധുനിക ലോകം ചെയ്തുകൊണ്ടിരിക്കുന്നത്. ഒരൊറ്റ ഉദാഹരണം മാത്രം പറയാം. സഹാറാ മരുഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഈജിപ്തിന്റെ ദാഹമകറ്റുവാൻ നൈൽ നദിയിൽ അസ്വാൻ അണക്കെട്ട് അനിവാര്യമായിരുന്നു. പക്ഷേ അണക്കെട്ടു മൂലം *ലേക്ക് നാസർ* എന്ന കൃത്രിമ തടാകം രൂപമെടുക്കുന്നതോടെ അനേകം ചരിത്രസ്മാരകങ്ങൾ വെള്ളത്തിനടിയിലാകും. പക്ഷേ വികസനത്തിനായി അവയെ മുങ്ങിമരിക്കാൻ വിടുകയല്ല ചെയ്തത്. പകരം അബു സിംബൽ, ഫിലെ മുതലായ ഭീമാകാരമായ പൈതൃക നിർമ്മിതികൾ അടക്കം 22 ചരിത്ര നിർമ്മിതികൾ ശ്രദ്ധാപൂർവം സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. 1960-80 കാലഘട്ടിത്തിൽ നടന്ന ഈ പറിച്ചുനടലിന് കോടിക്കണക്കിനു ഡോളർ ആണ് ചിലവാക്കിയത്. ചേപ്പാട് കൽക്കുരിശ് സ്ഥാനം മാറ്റേണ്ടത് റോഡ് വികസനത്തിന് അനിവാര്യമായിരുന്നു എങ്കിൽ അസ്വാൻ മോഡൽ പരീക്ഷിക്കാമായിരുന്നു. നിസാര ചിലവിൽ അത് സാദ്ധ്യവുമായിരുന്നു. ആ സാദ്ധ്യത എന്തുകൊണ്ട് ഒഴിവാക്കി?

വികസന ശ്രമങ്ങൾക്ക് ചരിത്രസ്മാരകങ്ങൾ വിലങ്ങുതടിയാകുന്നത് ലോകത്ത് പുതിയ സംഭവമൊന്നുമല്ല. പക്ഷേ വികസനത്തിനു വിഘാതമാകുന്ന ചരിത്ര നിർമ്മിതികളുടെമേൽ *ബുൾഡോസർ രാജ്* പ്രയോഗിക്കുകയല്ല ആധുനിക ലോകം ചെയ്തുകൊണ്ടിരിക്കുന്നത്.

വികസനത്തിനായി പൈതൃകങ്ങളുടെ ഇത്തരം പറിച്ചുനടലുകൾ കമ്യൂണിസ്റ്റ് രാജ്യങ്ങൾക്കും അപരിചിതമല്ല. റൂമേനിയായിലെ കമ്യൂണിസ്റ്റ് ഏകാധിപതി നിക്കൊളെ സീസസ്ക്യൂ (Nicolae Ceausescu, 1964-89) 1970-കളിൽ സിസ്റ്റമാറ്റിസേഷൻ (Systematisation) എന്നൊരു വൻ പദ്ധതി ആരംഭിച്ചു. നിലവിലുള്ള വീടുകളും ഗ്രാമങ്ങളും പട്ടണങ്ങളും ഇടിച്ചുനിരത്തി *ബഹുമുഖ വികസിതമായ സോഷ്യലിസ്റ്റ് സമൂഹത്തിന്* (multilaterally developed socialist society) അനുരൂപമായ വിധത്തിൽ പുനർ നിർമ്മിക്കുക എന്നതായിരുന്നു ഈ പദ്ധതി. ഇതിന്റെ ഭാഗമായി തലസ്ഥാനമായ ബുക്കാറസ്റ്റിലെ പാതവികസനത്തിന് ഏതാനും പള്ളികൾ പ്രതിബന്ധമായി. നൂറ്റാണ്ടുകൾ പഴക്കമുള്ള അവ ഇടിച്ചു നിരത്തുകയല്ല ചെയ്തത്. പകരം അവ പാളങ്ങളിലാക്കി അവശ്യമായ ദൂരത്തേയ്ക്ക് വലിച്ചു നീക്കി. ഇപ്രകാരം *ഉന്തിമാറ്റിയവയിൽ* റൂമേനിയൻ ഓർത്തഡോക്സ് സഭയുടെ ഭീമാകാരമായ സിനഡ് ആസ്ഥന മന്ദിരവും ഉൾപ്പെടും! ദശലക്ഷങ്ങളാണ് കമ്യൂണിസ്റ്റ് സർക്കാർ ഈ പ്രക്രിയ്ക്കായി ചിലവാക്കിയത്.

ചേപ്പാട്ടെ കൽകുരിശിനും, ശബരിമലയിലെ ദ്വാരപാലക ശില്പങ്ങൾക്കും കട്ടിളപ്പടിക്കും ഒക്കെ മത-വിശ്വാസ പ്രാധാന്യം മാത്രമല്ല ഉള്ളത്. അവയ്ക്ക് ചരിത്രപരമായ പ്രാധാന്യവും ഉണ്ട്. അവയൊക്കെ ഒരു ബഹുസ്വര സമൂഹമായ ഇന്ത്യയുടെ പൊതു പൈതൃകങ്ങളാണ്. മിനിറ്റുകൾകൊണ്ട് ചേപ്പാട്ടെ കുരിശ് തകർത്തവർ നശിപ്പിച്ചത് ഇന്ത്യയുടെ ഒരു സാംസ്ക്കാരിക പൈതൃക ചിഹ്നമാണ്. അതിനു വിലമതിക്കാനാവില്ല. അതു നശിപ്പിച്ചവർ - അവർ ആരായാലും - കോടിക്കണക്കിനു രൂപാ നഷ്ടപിഹാരം നൽകാൻ ബദ്ധ്യസ്ഥരാണ്. അത് സർക്കാർ ഖജനാവിൽ നിന്നല്ല: *ബുൾഡോസർ രാജ്* നടത്തിയവർ മാത്രം. ചേപ്പാട് പള്ളിക്കല്ല: ഇന്ത്യയുടെ സാസ്ക്കാരിക പൈതൃകത്തിനാണ് അവർ ക്ഷയം വരുത്തിയത്. ആദ്യം ഉത്തരവാദികളായ സർക്കാർ ഈ തുക കോടതിയിൽ കെട്ടിവെക്കട്ടെ. പിന്നീട് ഈ തുക ബന്ധപ്പെട്ടവരിൽ നിന്നും സർക്കാർ ഈടാക്കി കോടതിയെ ബോദ്ധ്യപ്പെടുത്തട്ടെ.

ജിജുലാലിന്റെ അടുത്ത ചോദ്യം ഇവിടെ പ്രസക്തമാകുന്നു: *നമ്മുടെ പൈതൃകം തേടിയെത്തുന്ന വിദേശികൾ അല്ലെങ്കിൽ ചരിത്രാന്വേഷികളോട് എന്താണ് നമുക്ക് പറയാനുള്ളത്?*

❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

മിൽക്ക

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ഉല്പത്തി പുസ്തകത്തിൽ, നിരവധി സ്ത്രീകളെ ചുരുക്കമായി പരാമർശിച്ചിട്ടുണ്ടെങ്കിലും, അവരുടെ ജീവിതവും പ്രവൃത്തികളും ദൈവജനത്തിന്റെ ജീവിതത്തിൽ ആഴത്തിലുള്ള അർത്ഥം വഹിക്കുന്നു. അത്തരമൊരു സ്ത്രീയാണ് നാഹോറിന്റെ ഭാര്യയും അബ്രഹാമിന്റെ അനന്തരവളുമായ മിൽക്ക. സാറയെയോ റിബേക്കയെയോ പോലെ അവൾ അത്ര പ്രശസ്തയല്ലെങ്കിലും, ദൈവം ലോകത്തെ അനുഗ്രഹിക്കാൻ ഉപയോഗിച്ച കുടുംബ പരമ്പരയിൽ മിൽക്ക ഒരു പ്രധാന പങ്ക് വഹിക്കുന്നു. അവളേക്കുറിച്ചുള്ള പരാമർശം ഉല്പത്തി 11:29 ഉം ഉല്പത്തി 22:20-23 ഉം വാക്യങ്ങളിൽ കാണപ്പെടുന്നു, അവിടെ അവളെ നാഹോറിന്റെ ഭാര്യയായും എട്ട് ആൺമക്കളുടെ അമ്മയായും പരിചയപ്പെടുത്തുന്നു.

മിൽക്കയെ കുറിച്ച് നാം പഠിക്കുന്നതിലൂടെ, വിശ്വസ്തത, കുടുംബഭക്തി, സാധാരണക്കാരിലൂടെ ദൈവം പ്രവർത്തിക്കുന്ന രഹസ്യ രീതികൾ എന്നിവയെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയും.

1. കുടുംബ പശ്ചാത്തലം

മിൽക്കയേക്കുറിച്ച് ഉല്പത്തി 11:2729 ൽ ആരംഭിക്കുന്നു, അത് അവൾ അബ്രഹാമിന്റെയും നാഹോറിന്റെയും സഹോദരനായ ഹാരാന്റെ മകളായിരുന്നുവെന്ന് നമ്മോട് പറയുന്നു. ഇതിനർത്ഥം മിൽക്ക നാഹോറിന്റെ ഭാര്യയും മരുമകളുമായിരുന്നു. പുരാതന ലോകത്ത്, പ്രത്യേകിച്ച് മോശൈക ന്യായപ്രമാണം നൽകുന്നതിനുമുമ്പ്, അത്തരം കുടുംബ വിവാഹങ്ങൾ സാധാരണമായിരുന്നു, കാരണം കുടുംബങ്ങൾ പലപ്പോഴും അവരുടെ വംശാവലിയും വിശ്വാസവും സംരക്ഷിക്കുക എന്ന ചിന്താഗതി മാത്രമേ പുലർത്തിയിരുന്നുള്ളു.

മിൽക്ക എന്ന പേരിന്റെ അർത്ഥം "രാജ്ഞി" എന്നാണ്. ഇത് കാണിക്കുന്നത് അവൾക്ക് മാന്യയും ജ്ഞാനിയുമായ ഒരു സ്വഭാവം ഉണ്ടായിരുന്നിരിക്കാം എന്നാണ്. ബൈബിളിൽ, പേരുകൾക്ക് പലപ്പോഴും പ്രതീകാത്മക അർത്ഥങ്ങളുണ്ട്, മിൽക്കയുടെ പേര് സൂചിപ്പിക്കുന്നത് അവൾ അവൾ കുടുംബത്തെ പരിപാലിക്കുന്നതിലും നയിച്ചതിലും മാന്യതയും ബഹുമാനവും ജ്ഞാനവും ഉള്ള ഒരു സ്ത്രീയായിരുന്നു എന്നാണ്.

വലിയ മാറ്റങ്ങൾ നേരിട്ട ഒരു കുടുംബത്തിൽ നിന്നാണ് മിൽക്ക വന്നത്. ദൈവത്തിന്റെ വിളി അനുസരിക്കാൻ അവളുടെ അമ്മാവൻ അബ്രഹാം തന്റെ ജന്മദേശം വിട്ടു, അതേസമയം മിൽക്കയും നാഹോറും കൽദയരുടെ ഊരിൽ താമസിക്കുകയും പിന്നീട് ഹാരാനിൽ താമസിക്കുകയും ചെയ്തു. അവൾ അബ്രഹാമിനൊപ്പം യാത്ര ചെയ്തില്ലെങ്കിലും, അവളുടെ കുടുംബം പിൽക്കാല തലമുറകളിൽ ദിവ്യ വാഗ്ദാനവുമായി ബന്ധപ്പെട്ടിരുന്നു.

2. കുടുംബത്തോടുള്ള വിശ്വസ്തത

മിൽക്കയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവങ്ങളിലൊന്ന് അവളുടെ കുടുംബത്തോടുള്ള വിശ്വസ്തതയാണ്. ഉസ്, ബൂസ്, കെമുവേൽ, കേശെദ്, ഹസോ, പിൽദാശ്, യിദലാഫ്, ബെഥൂവേൽ എന്നിവരുൾപ്പെടെ എട്ട് ആൺമക്കളുടെ അമ്മയായി അവൾ മാറിയെന്ന് ഉല്പത്തി 22:2023 രേഖപ്പെടുത്തുന്നു. അവളുടെ മകൻ ബെഥൂവേൽ റിബേക്കയുടെ പിതാവായി, പിന്നീട് അബ്രഹാമിന്റെയും സാറയുടെയും മകനായ യിസ്ഹാക്കിനെ വിവാഹം കഴിച്ചു.

മിൽക്കയുടെ കുടുംബത്തിലൂടെ, ദൈവം തന്റെ അനുഗ്രഹ പദ്ധതി തുടർന്നു. ഒരു ഭാര്യയും അമ്മയും എന്ന നിലയിലുള്ള അവളുടെ വിശ്വസ്തത അടുത്ത തലമുറയ്ക്ക് ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറ്റാൻ അനുവദിച്ചു. അവൾ ഒരു പൊതു വ്യക്തിയായിരുന്നില്ലെങ്കിലും, അവളുടെ നിശബ്ദ ഭക്തി ദൈവജനത്തിന്റെ ഭാവി രൂപപ്പെടുത്താൻ സഹായിച്ചുവെന്ന് ഇത് കാണിക്കുന്നു.

ദൈനംദിന കുടുംബജീവിതത്തിലെ വിശ്വസ്തത ദൈവത്തിന്റെ പ്രവൃത്തിയുടെ ഭാഗമാണെന്നാണ് മിൽക്കയുടെ മാതൃക നമ്മെ ഓർമ്മിപ്പിക്കുന്നത്. അവളുടെ അനുസരണവും കുടുംബത്തോടുള്ള കരുതലും റിബേക്കയ്ക്ക് വഴിയൊരുക്കി, അവൾ ഒരു ദിവസം ഉടമ്പടി കുടുംബത്തിന്റെ ഭാഗമാകും. നമ്മുടെ സാധാരണ വിശ്വസ്തതയ്ക്ക് അസാധാരണമായ ഫലങ്ങൾ ഉണ്ടാകുമെന്ന് മിൽക്കയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

വിശ്വസ്തത പ്രധാനമാണ്. മിൽക്ക ഒരു വലിയ പൊതു സ്ഥാനം വഹിച്ചിട്ടുണ്ടാകില്ല, പക്ഷേ അവൾ തന്റെ കുടുംബത്തിലും ദൈനംദിന ഉത്തരവാദിത്തങ്ങളിലും വിശ്വസ്തയായി തുടർന്നു. നമ്മുടെ പങ്ക് ചെറുതായി തോന്നുമ്പോഴും, ദൈവം നമ്മുടെ ശ്രമങ്ങളെ കാണുകയും അവയെ തന്റെ വലിയ പദ്ധതിയുടെ ഭാഗമായി ഉപയോഗിക്കുകയും ചെയ്യുന്നുവെന്ന് അവളുടെ നിശബ്ദ വിശ്വസ്തത നമ്മെ ഓർമ്മിപ്പിക്കുന്നു.

3. വാഗ്ദത്ത തലമുറയിലെ കണ്ണി

ബൈബിളിലെ മിൽക്കയുടെ പങ്ക് വിശ്വാസത്തിന്റെ തലമുറകളെ ബന്ധിപ്പിക്കുന്നു. ഉല്പത്തി 22:2023-ൽ നമ്മൾ അവളെക്കുറിച്ച് വായിക്കുമ്പോൾ, അത് അബ്രഹാം യിസ്ഹാക്കുമായുള്ള പരീക്ഷണത്തിന്റെ തൊട്ടുപിന്നാലെയാണ്. "അനന്തരം മിൽക്കയും നിന്റെ സഹോദരനായ നാഹോരിന് മക്കളെ പ്രസവിച്ചിരിക്കുന്നു എന്ന് അബ്രഹാമിന് വർത്തമാനം കിട്ടി." (ഉല്പത്തി 22:20)

ഈ നിമിഷം യാദൃശ്ചികമായി സംഭവിച്ചതല്ല. അബ്രഹാം വലിയ വിശ്വാസം കാണിച്ചതിനു ശേഷവും ദൈവം അവന്റെ വിശാലമായ കുടുംബത്തിൽ തുടർന്നു പ്രവർത്തിച്ചുവെന്ന് ബൈബിൾ കാണിക്കുന്നു. മിൽക്കയുടെ മക്കൾ – പ്രത്യേകിച്ച് അവളുടെ മകൻ ബെഥൂവേൽ – ദൈവപദ്ധതിയുടെ ഭാഗമായി. പിന്നീട്, അബ്രഹാമിന്റെ മകനായ യിസ്ഹാക്ക്, ബെഥൂവേലിന്റെ മകളായ റിബേക്കയെ വിവാഹം കഴിച്ചു. ഇതിനർത്ഥം മിൽക്ക റിബേക്കയുടെ മുത്തശ്ശിയും യാക്കോബിന്റെയും ഏശാവിന്റെയും മുതുമുത്തശ്ശിയായിരുന്നു എന്നാണ്.

ദൈവത്തിന്റെ പദ്ധതി ഒരു വ്യക്തിയിലോ സ്ഥലത്തിലോ മാത്രമായി ഒതുങ്ങി നിന്നിരുന്നില്ല എന്ന് ഇത് കാണിക്കുന്നു. പ്രധാനപ്പെട്ടവരിൽ നിന്ന് വളരെ അകലെയായി തോന്നുന്നവരിൽപ്പോലും വ്യത്യസ്തരായ നിരവധി ആളുകളിലൂടെ അവൻ പ്രവർത്തിച്ചു. കുട്ടികളുണ്ടാകാനുള്ള മിൽക്കയുടെ കഴിവും അവളുടെ കുടുംബപരമ്പരയും കാണിക്കുന്നത് ദൈവത്തിന്റെ അനുഗ്രഹങ്ങൾ വിശ്വസ്ത കുടുംബങ്ങളിലൂടെ തുടരുന്നു എന്നാണ്. അവന്റെ പദ്ധതി പലപ്പോഴും ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് കാല ക്രമേണ നിശബ്ദമായി വളരുന്നു.

ദൈവം കുടുംബങ്ങളിലൂടെ പ്രവർത്തിക്കുന്നു. മിൽക്കയുടെ പിൻഗാമികൾ ദൈവത്തിന്റെ ഉടമ്പടി വാഗ്ദാനത്തിന്റെ ഭാഗമായിത്തീർന്നു. ഒരു തലമുറയിലെ വിശ്വാസവും അനുസരണവും അടുത്ത തലമുറയ്ക്ക് അനുഗ്രഹങ്ങൾ കൊണ്ടുവരുമെന്ന് ഇത് കാണിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ പ്രതിബദ്ധത നമ്മുടെ കുട്ടികളെയും ഭാവി തലമുറകളെയും പോലും സ്വാധീനിക്കും.

4. നിശബ്ദ സ്വാധീനം

മിൽക്ക വ്യക്തിപരമായി എന്തു ചെയ്തുവെന്ന് ബൈബിൾ നമ്മോട് അധികമൊന്നും പറയുന്നില്ല, പക്ഷേ ഒരു ഭാര്യയും അമ്മയും എന്ന നിലയിലുള്ള അവളുടെ പങ്ക് അവളുടെ ശാന്തതയും സ്ഥിരതയും കാണിക്കുന്നു. ആ കാലങ്ങളിൽ ഒരു വലിയ കുടുംബത്തെ പരിപാലിക്കുന്നതിന് വളരെയധികം ക്ഷമയും കഠിനാധ്വാനവും സ്നേഹവും ആവശ്യമായിരുന്നു. അവളുടെ വീട് ഒരുപക്ഷേ സമാധാനപരവും സുസംഘടിതവുമായിരുന്നു, എല്ലാവരും അവിടെ ബഹുമാനം കാണിച്ചു. ഇക്കാരണത്താൽ, അവളുടെ കുട്ടികൾ ഉത്തരവാദിത്തമുള്ളവരും ബഹുമാനിക്കപ്പെടുന്നവരുമായ നേതാക്കളായി വളർന്നു.

പുരാതന സമൂഹത്തിൽ, കുടുംബത്തിന്റെ വിജയത്തിന്റെ കേന്ദ്രബിന്ദു സ്ത്രീകളായിരുന്നു. അവർ കുടുംബം കൈകാര്യം ചെയ്തു, കുട്ടികളെ പഠിപ്പിച്ചു, കുടുംബ വിശ്വാസവും പാരമ്പര്യങ്ങളും കൈമാറി. ഒരു അമ്മ എന്ന നിലയിൽ മിൽക്കയുടെ ശക്തി, അവളുടെ പിതാവായ ഹാരന്റെയും അമ്മാവൻ അബ്രഹാമിന്റെയും വിശ്വാസം അവളുടെ പിൻഗാമികൾക്കിടയിൽ നഷ്ടപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കി.

അവളുടെ മറഞ്ഞിരിക്കുന്ന ശക്തി എല്ലാ മഹത്വവും ദൃശ്യമല്ല എന്ന ഓർമ്മപ്പെടുത്തലാണ്. ചില ആളുകൾ വീട്ടിൽ സ്നേഹം, പോഷണം, വിശ്വാസം എന്നിവയിലൂടെ നിശബ്ദമായി ദൈവത്തെ സേവിക്കുന്നു. ദൈവം ഈ അദൃശ്യ വിശ്വസ്തതയെ മഹത്തായ പൊതു പ്രവൃത്തികളെപ്പോലെ തന്നെ വിലമതിക്കുന്നുവെന്ന് മിൽക്കയുടെ ജീവിതം നമ്മോട് പറയുന്നു.

മറഞ്ഞിരിക്കുന്ന ജീവിതങ്ങൾക്ക് ലക്ഷ്യമുണ്ട്. മിൽക്കയുടെ പേര് ബൈബിളിൽ ചുരുക്കമായി മാത്രമേ പരാമർശിച്ചിട്ടുള്ളൂവെങ്കിലും, അവളുടെ സ്വാധീനം അവളുടെ കുടുംബപരമ്പരയിലൂടെ തുടർന്നു. അവളെപ്പോലെ, നിരവധി ആളുകൾ അംഗീകാരമില്ലാതെ നിശബ്ദമായി ദൈവത്തെ സേവിക്കുന്നു, എന്നിരുന്നാലും അവരുടെ സ്വാധീനം നൂറ്റാണ്ടുകളോളം നിലനിൽക്കുന്നു.

5. മിൽക്കയും ദൈവപദ്ധതിയിൽ സ്ത്രീകളുടെ പങ്കും

രക്ഷയുടെ ചുരുളഴിയുന്ന ദൈവ പദ്ധതിയിൽ സ്ത്രീകൾക്കുള്ള പ്രധാന പങ്കിനെക്കുറിച്ചും മിൽക്ക നമ്മെ ഓർമ്മിപ്പിക്കുന്നു. സാറാ, റിബേക്ക, റാഹേൽ, ലേയ എന്നിവരെപ്പോലെ, ദൈവം തിരഞ്ഞെടുത്ത കുടുംബത്തിന്റെ നിർമ്മാണത്തിൽ അവളും സംഭാവന നൽകി. 'നിന്റെ സന്തതിയിലൂടെ ഭൂമിയിലുള്ള സകലജാതികളും അനുഗ്രഹിക്കപ്പെടും' (ഉല്പത്തി 22:18) എന്ന ദൈവം അബ്രഹാമിനോടുള്ള വാഗ്ദാനം നിറവേറ്റാൻ ഓരോ സ്ത്രീയും അവരുടേതായ രീതിയിൽ സഹായിച്ചു.

റിബേക്കയുടെ മുത്തശ്ശിയും യാക്കോബിന്റെ മുതുമുത്തശ്ശിയും എന്ന നിലയിൽ മിൽക്കയുടെ പങ്ക് അവളെ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുമായി നേരിട്ട് ബന്ധിപ്പിക്കുന്നു. അവളേപ്പറ്റി അല്പം മാത്രമേ പരാമർശിച്ചിട്ടുള്ളൂവെങ്കിലും, അവളുടെ ജീവിതം ഇസ്രായേൽ ജനങ്ങളിലേക്കും ഒടുവിൽ യേശു ക്രിസ്തുവിലേക്കും നയിക്കുന്ന തലമുറകളെ ബന്ധിപ്പിക്കുന്നു.

ദൈവം അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ ദാസന്മാരെ ബഹുമാനിക്കുന്നുവെന്നും, പുരുഷനോ സ്ത്രീയോ ആയ ഓരോ വിശ്വസ്ത വ്യക്തിയും അവന്റെ മഹത്തായ രൂപകൽപ്പനയുടെ ഭാഗമാണെന്നും ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

ചുരുക്കത്തിൽ, നാഹോറിന്റെ ഭാര്യയും അബ്രഹാമിന്റെ അനന്തരവളുമായ മിൽക്ക, വിശ്വസ്തയും കുടുംബ കേന്ദ്രീകൃതയും ദൈവഭക്തയുമായ ഒരു സ്ത്രീയായിരുന്നു, അവരുടെ ശാന്തമായ ജീവിതം ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ ശൃംഖലയിലെ ഒരു പ്രധാന കണ്ണിയായി മാറി. ഉല്പത്തി 11:29 ലും 22:20 23 ലും ഉള്ള അവളേക്കുറിച്ചുള്ള പരാമർശം ചെറുതായിരിക്കാം, പക്ഷേ അതിന്റെ അർത്ഥം ആഴമേറിയതാണ്.

സാധാരണ കാര്യങ്ങളിൽ വിശ്വസ്തതയുടെ ഭംഗി, കുടുംബങ്ങളിലൂടെ വിശ്വാസം കൈമാറുന്നതിന്റെ പ്രാധാന്യം, ദൈവത്തിന്റെ പ്രവൃത്തി പലപ്പോഴും വീട്ടിൽ നിന്നാണ് ആരംഭിക്കുന്നത് എന്ന സത്യം എന്നിവ അവൾ നമ്മെ പഠിപ്പിക്കുന്നു. പ്രശസ്തമോ മറന്നതോ ആയ ഓരോ വ്യക്തിയുടെയും ജീവിതം ദൈവം തന്റെ വീണ്ടെടുപ്പിന്റെ പദ്ധതിയിലേക്ക് എങ്ങനെ നെയ്തെടുക്കുന്നുവെന്ന് അവളിലൂടെ നമുക്ക് കാണാൻ കഴിയും.

'രാജ്ഞി' എന്നർത്ഥമുള്ള മിൽക്ക തന്റെ വീട് ജ്ഞാനത്തോടെ ഭരിച്ചു, ദൈവത്തെ ബഹുമാനിക്കുന്ന ഒരു കുടുംബത്തെ വളർത്തി, ക്രിസ്തുവിന്റെ വരവിലേക്ക് നയിക്കുന്ന ഒരു രാജകീയ ആത്മീയ പൈതൃകത്തിന്റെ ഭാഗമായി. നമ്മൾ എവിടെയാണോ അവിടെ ദൈവത്തെ വിശ്വസ്തതയോടെ സേവിക്കാൻ അവളുടെ ജീവിതം നമ്മെ പ്രോത്സാഹിപ്പിക്കുന്നു, സ്നേഹത്തിന്റെയോ വിശ്വാസത്തിന്റെയോ ഒരു പ്രവൃത്തിയും ദൈവത്തിന്റെ ദൃഷ്ടിയിൽ ശ്രദ്ധിക്കപ്പെടാതെ പോകില്ലെന്ന് വിശ്വസിക്കുന്നു.

ശക്തമായ കുടുംബ ബന്ധങ്ങളുടെയും വിശ്വാസത്തിലെ ഐക്യത്തിന്റെയും പ്രാധാന്യം മിൽക്കയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. കുടുംബങ്ങൾ സ്നേഹത്തിലും വിശ്വാസത്തിലും ബന്ധം പുലർത്തുമ്പോൾ, അവർ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ ഒരുമിച്ച് നിറവേറ്റാൻ സഹായിക്കുന്നു.

ഒടുവിൽ, ദൈവത്തിന്റെ സമയം പൂർണമാണ്. അബ്രഹാമിന്റെ വിശ്വാസത്തിന്റെ മഹത്തായ പരീക്ഷണത്തിന് തൊട്ടുപിന്നാലെ മിൽക്കയുടെ ജീവിതം പ്രത്യക്ഷപ്പെടുന്നു, ദൈവം ഓരോ ജീവിതത്തെയും സംഭവത്തെയും ശ്രദ്ധാപൂർവ്വം തന്റെ പദ്ധതിയിൽ ഇഴചേർത്തുവെന്ന് ഇത് കാണിക്കുന്നു. യാദൃശ്ചികമായി ഒന്നും സംഭവിക്കുന്നില്ല; എല്ലാം അവന്റെ സമയം തികഞ്ഞ സമയത്തിനനുസരിച്ച് വികസിക്കുന്നു. ഈ പാഠങ്ങളിലൂടെ, മിൽക്കയുടെ ലളിതവും മറഞ്ഞിരിക്കുന്നതുമായ ജീവിതം ശാശ്വതമായ അർത്ഥം വഹിക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. അവളുടെ നിശബ്ദ വിശ്വാസം, കുടുംബ ഭക്തി, വിശ്വസ്തത എന്നിവ ദൈവത്തിന്റെ വാഗ്ദാനത്തിന്റെയും അനുഗ്രഹത്തിന്റെയും മഹത്തായ പദ്ധതിയുടെ ഭാഗമായി.

❑

പുതുപ്പള്ളി എം.എൽ.എ. ചാണ്ടി ഉമ്മനെ, ടാലന്റ് ഹണ്ട് കോർഡിനേറ്ററായി ഓൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റി നിയമിച്ചു. മേഘാലയുടെയുംഅരുണാചൽ പ്രദേശിന്റെയും ചുമതലയാണ് നൽകിയിരിക്കുന്നത്. പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളി ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

സ്ലീബായ്ക്കുശേഷം ആറാം ഞായർ

(വി. ലൂക്കോസ് 18:18-27)

ഫാ. മോൻസി ഫിലിപ്പ്

"സമ്പന്നനായ യുവാവും നിത്യജീവന്റെ വഴിയും എന്നതാണ് ഇന്നത്തെ വേദഭാഗത്തിന്റെ സാരാംശം. വേദഭാഗം വി. ലൂക്കോസ് 18:18-27. യേശുതമ്പുരാനെ സമീപിച്ച ധനികനായ ഒരു യുവാവ് നിത്യജീവനെ അവകാശമാക്കുവാൻ എന്തു ചെയ്യണമെന്ന് ചോദിക്കുന്നു. യേശുതമ്പുരാന്റെ ഉത്തരം "കൽപ്പനകളെ പ്രമാണിക്ക" എന്ന് ഉത്തരം പറയുന്നു. അപ്പോൾ യുവാവ് താൻ അതൊക്കെയും ചെറുപ്പം മുതലെ പാലിക്കുന്നുണ്ടെന്നു പറഞ്ഞു. യേശു അവനോട് "നിനക്ക് ഒരു കുറവുണ്ട്" നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രർക്ക് കൊടുക്കുക. എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക എന്ന് പറഞ്ഞു. അപ്പോൾ ധനിക യുവാവ് ദുഃഖിതനായി ഒന്നും മിണ്ടാതെ കടന്നുപോകുകയും ചെയ്തു. ഇതാണ് വേദഭാഗ ഇതിവൃത്തം.

വേദഭാഗ ചിന്തകൾ

(1) ദൈവത്തെ തേടിയെത്തിയ യുവാവ് - മനുഷ്യഹൃദയത്തിന്റെ പ്രതിഫലനം

വി. ലൂക്കോസ് 18:18-19

ഒരു പ്രമാണിയായ മനുഷ്യൻ വന്ന് യേശുവിനോട് "നല്ല ഗുരോ" ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്ന് ചെയ്യേണം എന്നു ചോദിച്ചു. ഈ മനുഷ്യൻ ഒരിക്കലും ദോഷമുള്ളവൻ അല്ല. യേശുവിനെ കുറ്റപ്പെടുത്തുകയും ചെറുതാക്കി കാണിക്കുകയും ചെയ്യാൻ ശ്രമിക്കുന്ന സമൂഹം ചുറ്റുമുള്ളപ്പോൾ അതിൽ നിന്ന് വ്യത്യസ്തനായി നല്ല സമീപനത്തോടും നല്ല ഉദ്ദേശത്തോടും ദൈവസന്നിധിയിലേക്ക് കടന്നുവരുന്ന മനുഷ്യൻ. അവൻ ദൈവത്തേയും നിത്യജീവനേയും കുറിച്ച് മനസ്സിലാക്കി അതു പ്രാപിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ തന്റെ ഹൃദയത്തിന്റെ വാതിൽ പൂർണ്ണമായി തുറന്നില്ല. ഈ മനുഷ്യൻ നമ്മെ പ്രതിനിധാനം ചെയ്യുന്നു എന്നു പറയാം. ദൈവത്തെ അന്വേഷിക്കുന്നവരായിട്ടും പൂർണ്ണതയിൽ എത്താൻ കഴിയാത്തതുപോലെ. ആ മനുഷ്യന്റെ ചോദ്യം "നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്തു ചെയ്യണം" ഈ ചോദ്യം മനുഷ്യ ഹൃദയത്തിലെ ആത്മീയ ദാഹത്തിന്റെ ചോദ്യമാണ്.

ഈ പ്രമാണിയായ മനുഷ്യൻ യേശുവിനെ "നല്ല ഗുരോ" എന്ന് വിളിക്കുന്നു. യേശു അവനോട് എന്നെ നല്ലവൻ എന്നു വിളിക്കുന്നത് എന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരും ഇല്ല. യേശു ഇതിലൂടെ അവനെ ഉണർത്തുകയാണ്. നല്ലതിന്റെ ഉറവിടം മനുഷ്യന്റെ ധാർമ്മികതയല്ല. ദൈവത്തിന്റെ കൃപയാണെന്ന്. യേശു തനിക്കു ദൈവത്വം ഇല്ല എന്നു പറയുന്നില്ല. മറിച്ച് യുവാവിന്റെ മനസ്സിലുള്ള ദൈവബോധത്തെ ഉണർത്തുകയാണ്.

"യേശു, മനുഷ്യൻ കാണുന്നതിലും അപ്പുറം ദൈവം തന്നെയാണെന്ന് തിരിച്ചറിയാൻ ഈ വാക്കുകൾ കൊണ്ട് അവനെ ഉണർത്തുന്നു." - സെന്റ് അംബ്രോസ്.

ക്രിസ്തു ജീവന്റെ ആധാരവും ജീവനുമാണെന്ന തിരിച്ചറിവ് നമ്മിൽ ജനിക്കണം. നശ്വരമായ ഈ ലോകത്തിൽ ജീവിതത്തിന്റെ താൽക്കാലികതയെ അനുനിമിഷം ഓർത്തുകൊണ്ട് നിത്യജീവനായി ഗൗരവപൂർവ്വം അന്വേഷിക്കണം. അതിനായി ജീവിക്കണം.

നിത്യജീവൻ:

1. അത് നമ്മുടെ കർത്താവ് തന്നെ (1 യോഹ. 1:2, 5:20)
2. ദൈവത്തേയും ക്രിസ്തുവിനേയും അറിയുന്നത് (യോഹ. 17:3)
3. ഇത് നമ്മുടെ കർത്താവ് നൽകുന്നു (യോഹ. 6:17)
4. നമ്മുടെ കർത്താവിൽ വിശ്വസിക്കുന്നവർക്ക് (യോഹ. 3:15)
5. ജീവന്റെ അപ്പം തിന്നുന്നതു മൂലം (യോഹ. 6:50-58)
6. വി. മാമോദീസ മൂലം (ഗലാത്യർ 3:27,29)

പ്രമാണിയായ മനുഷ്യന്റെ ഗുണങ്ങൾ

1. അവൻ ആത്മാർത്ഥതയോടെ ഗുരുവിനെ സമീപിച്ചു.
2. തന്നെ ആദരിച്ച് മുട്ടുകുത്തി
3. അവൻ കല്പനകൾ പാലിച്ചവനായിരുന്നു.
4. യേശു അവനെ സ്നേഹിച്ചു.
5. നിത്യജീവൻ ആഗ്രഹിച്ചു.

(2) നല്ലത് ചെയ്തിട്ടും ശാന്തതയില്ലെങ്കിൽ, എന്തോ കുറവുണ്ട്

വി. ലൂക്കോസ് 18:20-23

യേശുതമ്പുരാൻ പ്രമാണിയായ മനുഷ്യനോടു പറഞ്ഞു, നിത്യജീവനിൽ പ്രവേശിക്കുവാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യപടി കല്പനകൾ ആചരിക്കണം. വി. മത്തായിയുടെ സുവിശേഷത്തിൽ പ്രതിപാദിക്കുന്നു, അവൻ യേശുവിനോട് കല്പനകൾ ഏവ എന്ന് ചോദിക്കുന്നുവെന്ന് ന്യായപ്രമാണിത്തിലെ 10 കല്പനകൾ അവനറിവില്ലാതിരുന്നതുകൊണ്ടല്ല. കാരണം

1. ഏതു യഹൂദബാലനും, യുവാവും അവ അറിഞ്ഞിരിക്കത്തക്കവണ്ണം അവരെ പഠിപ്പിക്കുമായിരുന്നു.

2. അവന്റെ മറുപടിയിൽ തന്നെ അവൻ അവ ആചരിച്ചു വന്നവനാണ് എന്ന് പറഞ്ഞു.

3. ഈ പുതിയ ഗുരുവിന് എന്തെങ്കിലും പുതിയ കല്പനകൾ തരാനുണ്ടായിരിക്കുമെന്നു വിചാരിച്ചു.

20-ാം വാക്യത്തിൽ 1,2,3 കല്പനകൾ പറയാതെ മറ്റുള്ളവയാണ് പറഞ്ഞിരിക്കുന്നത്. കാരണം ഏകദൈവ വിശ്വാസം, ആരാധന, ശാബതാചാരം എന്നിവ ഏതു യഹൂദന്റെയും മുഖമുദ്രയാണ്. മനുഷ്യനുമായുള്ള ബന്ധം സംബന്ധിച്ചുള്ള കല്പനകളാണ് തൻമൂലം താൻ ചൂണ്ടിക്കാണിച്ചത്. അബ്രാഹമിന്റെ സന്തതി എന്ന് അഭിമാനിച്ചാൽ മാത്രം പോരാ, അനുതാപാനുയോജ്യമായ പ്രവർത്തനങ്ങളും ആവശ്യമാണ്. വാക്യാർത്ഥത്തിലുള്ള കല്പനാചരണം മാത്രം പോരാ, പ്രവൃത്തിയ്ക്കു പ്രേരകമായ വികാരങ്ങളും തത്തുല്യമാണെന്ന് പഠിച്ചിരിക്കണം.

അവന്റെ ബാല്യം മുതൽ പ്രസ്തുത കല്പനകൾ അവൻ ധനികനും യുവാ

വുമായിരുന്നിട്ടു പോലും പാലിച്ചു വന്നവനാണെന്നുള്ള പ്രസ്താവന കർത്താവിനെ സന്തുഷ്ടനാക്കി. ഹൃദയങ്ങൾ അറിയുന്നവൻ അവനെ സ്നേഹിച്ച്, സൂക്ഷിച്ച് നോക്കുകയും ചെയ്തു. എന്നാൽ അവൻ പറഞ്ഞതു കേട്ടിട്ട് യേശു പറഞ്ഞു "ഇനി ഒരു കുറവ് നിനക്കുണ്ട്."

കുറവറിഞ്ഞ് കർത്താവിനോട് ചോദിക്കുന്നവന് കർത്താവ് പൂർണ്ണതയ്ക്കുള്ള മാർഗ്ഗം കാണിച്ചു തരും. നമ്മുടെ കുറവുകളെ പരിഹരിക്കുവാനുള്ള മാർഗ്ഗം ക്രിസ്തുവിന്റെ പാഠങ്ങളാണ്. കർത്താവ് അവന്റെ കുറവ് അവനോട് പറഞ്ഞു. "നിനക്കുള്ളത് വിറ്റ് ദരിദ്രർക്കു കൊടുക്കുക." ഇതിന്റെ അർത്ഥം സമ്പാദ്യത്തിന്റെ അടിമത്വം വിട്ടൊഴിയുക.

"നിനക്കു അധികം ഉള്ളത് മറ്റൊരാളുടെ അവകാശം ആണ്. നീ പങ്കിടുമ്പോൾ നീ ദയ കാണിക്കുന്നില്ല. നീ ന്യായം നടപ്പിലാക്കുന്നു." - സെന്റ് ബേസിൽ ദി ഗ്രേറ്റ്.

"സ്വത്തിന്റെ അടിമയായാൽ ആത്മാവിന് ദൈവരാജ്യം കാണാനാവില്ല. ദൈവത്തിന്റെ അടിമയായാൽ എല്ലാം നിനക്കു കൈവരും." - സെന്റ് ജോൺ ക്രിസോസ്റ്റം.

പൂർണ്ണനാകാൻ, കുറവ് പരിഹരിക്കാൻ ക്രിസ്തു നൽകുന്ന നിർദ്ദേശങ്ങൾ

1. അയൽക്കാരനോടു സ്നേഹം മാത്രം പോരാ, ഹൃദയപൂർവ്വം നിസ്വാർത്ഥതയോടെ സഹായിക്കുകയും വേണം. അത് സ്വർഗ്ഗത്തിൽ നിക്ഷേപമാകും. "ഇവിടുത്തെ ത്യാഗം അവിടുത്തെ ഭാഗ്യം."

2. വി. മർക്കോസിൽ പറയുംപോലെ. നിന്റെ ക്രൂശ് ദൈവനാമത്തിൽ സഹിക്കണം.

3. സർവ്വോപരി കർത്താവിനെ അനുഗമിക്കണം.

കർത്താവിനെ അനുഗമിപ്പാൻ ചിലത് വെടിയണം എന്ന് പൗലോസ് നിർദ്ദേശിക്കുന്നു.

1. യൗവനമോഹങ്ങൾ വിട്ടോടണം
2. കോപവും വിദ്വേഷവും വെടിയണം
3. ദ്രവ്യാഗ്രഹവും മുറികെപ്പറ്റുന്ന പാപവും ഉപേക്ഷിക്കണം.

പ്രമാണിയായ മനുഷ്യന്റെ കുറവുകൾ

1. ധനത്തോടുള്ള അമിതമായ മമത
2. മറ്റുള്ളവരെ കരുതാതുള്ള സ്വാർത്ഥത
3. നിത്യജീവ പ്രാപ്തിക്ക് തടസ്സമായി നിൽക്കുന്നതെന്ത് എന്നിറിഞ്ഞിട്ടും ജീവിതത്തിൽ വ്യതിയാനം വരുത്തുവാനുള്ള ആഗ്രഹമില്ലായ്മ.

പലപ്പോഴും പ്രമാണിയായ മനുഷ്യനെപ്പോലെ, കല്പനകൾ ആചരിച്ചിട്ടും, ആരാധനകളിൽ പങ്കെടുത്തിട്ടും ഒരു ശാന്തത ഇല്ലെങ്കിൽ എന്തോ കുറവ് ജീവിതത്തിൽ ഉണ്ട്. അത് ആരേലും പറഞ്ഞു തന്നാൽ തിരുത്തുവാൻ സാധിക്കണം. ഇന്നത്തെ തലമുറകൾക്ക് തിരുത്താൻ അത്ര ദഹിക്കില്ല. ഉപദേശം ഒട്ടും ഇത് കാര്യമായി എടുത്തില്ലെങ്കിൽ നിരാശ തന്നെ ഫലം.

(3) ധനവാന്റെ സ്വർഗ്ഗരാജ്യപ്രവേശനം

വി. ലൂക്കോസ് 18:24-27

ധനിക യുവാവ് ദുഃഖിതനായി തിരികെ പോയത് ഒരു അവസരമായി എടുത്തുകൊണ്ട് ധനത്തെക്കുറിച്ച് തന്റെ ഉപദേശം നൽകുന്നു. ധനികന്റെ സ്വർഗ്ഗ രാജ്യ പ്രവേശനത്തിന്റെ പ്രയാസം പഠിപ്പിക്കുന്നു.

"ധനവാനായിരിക്കുന്നത് പാപമല്ല. എന്നാൽ നമുക്കുള്ളതിൽ മിതത്വം ആവശ്യമാണ്." - വി. ഹിലാരി.

ദ്രവ്യാഗ്രഹം ആപത്തായതുകൊണ്ട് യേശു പഠിപ്പിക്കുന്നു, ആത്മീയതയിൽ കൂടെ സ്വർഗ്ഗത്തിന്റെ ധനം സമ്പാദിക്കാൻ. അത് പ്രയാസമാണ്. ധനമോഹം നാശത്തിന്റെ പാതയാണ്. ദുർത്തപുത്രൻ അത് ഓർമ്മിക്കുന്നു. പിതാവിൽ നിന്ന് അകന്നു, സഹോദരനിൽ നിന്ന് അകന്നു ഒരു ജീവിതം. അത് അത്ര സുന്ദര മല്ല. ഉള്ളത് പങ്ക് വയ്ക്കുന്നതിനേക്കാൾ വേറെ എന്തു സന്തോഷം.

ദ്രവ്യാഗ്രഹത്തിന്റെ ആരംഭസ്ഥാനം ഹൃദയമാണ്.അത് പിന്നീട് വിഗ്രഹാരാധനയും,സർവ്വദോഷത്തിനും കാരണവും, മോഹങ്ങളിലേക്കും വിശ്വാസത്യാഗത്തിലേക്കും നയിക്കുന്നു. ഇങ്ങനെയുള്ളവർക്ക് ദൈവരാജ്യ പ്രവേശനം നിഷേധിച്ചിരിക്കുന്നു.

ധനവാൻ ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുന്നത് എത്ര പ്രയാസം, ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം." ഇക്കണക്കിന് ഒരു ധനികനും രക്ഷ പ്രാപിപ്പാൻ കഴിയുകയില്ല. എന്നാൽ ഒരു കാര്യം ഓർക്കണം.

ഏശാ. 60:6-ൽ കാണുംപോലെ മിദ്യാനിൽ നിന്നും ഏഫായിൽ നിന്നും പാരിതോഷികങ്ങളുമായി വന്ന ഒട്ടകങ്ങൾ യറുശലേമിന്റെ പടിവാതിൽക്കൽ വരുമ്പോൾ മുട്ടുമടക്കി ഭാരങ്ങൾ ഇറക്കിയിട്ട് അകത്തു കടക്കുന്നതുപോലെ ധനികരും അവരുടെ പാപങ്ങളുടെ വൻചുമടുകൾ മാറ്റിവച്ച്, സ്വയം താഴ്ന്ന് ജീവനിലേക്ക് പ്രവേശിക്കുന്ന ഈ ചെറുവാതിൽ കടന്ന് ഇടുങ്ങിയ വഴിയിലൂടെ ജീവനിലേക്കു കടക്കണം.

'ഒട്ടക'ത്തിന് സുറിയാനിപദം ഗമ്ലോ അതിന് വണ്ണം കൂടിയ കയർ (വടം) എന്നും അർത്ഥമുണ്ട്. സൂചിക്കുഴയിലൂടെ വടം കോർക്കുക അസാദ്ധ്യമാണല്ലോ, ഈ രീതിയിൽ ചിന്തിക്കുന്നവരുമുണ്ട്. എന്നാൽ യറുശലേമിൽ സൂചിക്കുഴ എന്നു വിളിക്കപ്പെടുന്ന ഒരു ഗേറ്റ് (വാതിൽ) ഉണ്ടായിരുന്നു. ഓർക്കുക മാത്രം കഷ്ടിച്ച് കുനിഞ്ഞും ചരിഞ്ഞും കടക്കാവുന്ന (അടിഭാഗത്തു മുക്കാൽ അടി വീതിയും മുകളിൽ 1.25 അടി വീതിയും 3 അടി ഉയരവുമുള്ള സൂചിക്കുഴയുടെ ആകൃതിയിലുള്ള ഉയരക്കുറവും, ഇടുങ്ങിയതും വീതിക്കുറവുള്ള ഈ വാതിലിനെ അറിഞ്ഞിരുന്നത് സൂചിക്കുഴ (). എന്നായിരുന്നു. അതിലൂടെ ഒരൊട്ടകത്തിന് കടന്നുപോകാൻ വലുപ്പമില്ലായിരുന്നതിനാൽ കടക്കണമെങ്കിൽ മുട്ടുമടക്കണം, കുനിയണം, ഭാരച്ചുമടുകൾ മാറ്റണം. അതുപോലെ, ധനവാനും അവന്റെ പാപച്ചുമടുകളും, ധനമോഹവും മാറ്റിവച്ച് ജീവനിലേക്കുള്ള ഇടുങ്ങിയ വഴിയേ പോകണം.

പ്രധാന സന്ദേശങ്ങൾ

1. ദൈവസ്നേഹം നിയമാനുഷ്ഠാനത്തെക്കാൾ വലിയതാണ്.
2. സമ്പത്ത് ദൈവത്തിന് പകരം ആയാൽ അത് നാശം ചെയ്യും
3. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സ്വാർത്ഥതയും ആസക്തികളും ത്യജിക്കണം.
4. രക്ഷ മനുഷ്യശ്രമത്താൽ പര്യാപ്തമല്ല ദൈവകൃപയാൽ മാത്രമേ സാധ്യമാകൂ.

ബ്രഹ്മവാർ ഭദ്രാസന മർത്തമറിയം സമാജം നേതൃത്വക്യാമ്പ് ഭദ്രാസന അരമനയിൽ നടന്നു. യാക്കോബ് മാർ ഏലിയാസ് നേതൃത്വം നൽകി.

മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകയോഗം തിരഞ്ഞെടുത്ത എബിൻ മത്തായി പൊന്നോടത്തിനെ തൃപ്പൂണിത്തുറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സി. ജി. എൽ. പി. സ്കൂൾ മാനേജരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് സ്കൂളിന്റെ ഭരണം മുളന്തുരുത്തി മാർത്തോമൻ പള്ളി ഏറ്റെടുത്തു.

Church Calendar

The Sorrow of Possessions, the Joy of Surrender

Sixth Sunday after the Holy Cross (St. Luke 18:18–27)

Fr Aaron Joshua John

In today's Gospel, a ruler comes to Christ with a noble question, "Good Teacher, what must I do to inherit eternal life?" Outwardly, he is a righteous man, he has kept the commandments since his youth. Yet Christ looks deeper, into the heart, and exposes his attachment to wealth. The Lord says, "Sell all that you have and distribute to the poor, and you will have treasure in heaven; and come, follow me." At this, the man becomes sorrowful, for he is very rich. Christ then warns His disciples, "How hard it is for those who have riches to enter the Kingdom of God!" But He also gives hope, "What is impossible with man is possible with God." This Gospel challenges us to examine our own attachments and asks whether our loyalty is truly to Christ or divided between Him and the treasures of this world.

1. The Danger of Attachment to Wealth

The rich ruler's problem was not wealth itself but his inability to let go of it for the sake of Christ. Wealth became his master, preventing him from following the true Master. In Genesis 42:29–36, Jacob laments the loss of his sons and possessions, fearing everything is against him. This shows the fragility of earthly security, what we cling to can vanish. Isaiah 43:16–25, however, reminds us of God's saving power, He makes a way through the sea, blots out our sins, and calls us His own. Wealth promises safety, but only God secures life and forgiveness. St. Basil the Great warns, "The bread in your cupboard belongs to the hungry; the coat unused in your closet belongs to the one who needs it." Wealth becomes dangerous when it blinds us to our neighbor's need and prevents us from offering our hearts fully to God.

2. True Riches and the Power of God

Christ promises the rich ruler "treasure in heaven," showing that eternal life is not earned by keeping commandments alone but by surrendering to God in love. Acts 28:23–24 illustrates this truth, some who heard Paul's preaching believed, while others rejected. Faith demands a response, a turning of the heart. In 1 Corinthians 5:6–13, Paul reminds the Church that holiness requires separation from sin and corruption, not half-hearted compromise. Likewise, following Christ means giving Him our ultimate

loyalty. The disciples, hearing Jesus' words, ask, "Who then can be saved?" The Lord answers, "What is impossible with man is possible with God." Human effort alone cannot free us from greed, sin, or death. Only by the grace of God can we be transformed. St. John Chrysostom notes, "Christ does not take away riches, but makes us richer by teaching us to despise them." In the Eucharist, we encounter this power of God, we offer bread and wine, the simple gifts of creation and they are transformed into the Body and Blood of Christ. What seems impossible to human hands becomes possible by divine grace.

Beloved in Christ, the Gospel today teaches us that eternal life cannot be inherited by outward obedience alone but by the surrender of the heart. The rich ruler's sorrow warns us that clinging to possessions and status can keep us from Christ. Yet the Lord gives us hope, what is impossible for us is possible with God. In every Holy Qurbana, we are invited to release our attachments, to offer ourselves and our gifts to God, and to receive from Him the true riches of eternal life. Let us, therefore, loosen our grip on earthly treasures and cling instead to Christ, who alone makes us rich in mercy and heirs of His Kingdom.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും MBA Finance and H R Management-ൽ മൂന്നാം റാങ്ക് നേടി അക്സ റെജി. പെരിങ്ങനാട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ പള്ളി ഇടവക അംഗമായ തകിടി വിളയിൽ റെജി ബേബി യുടെയും, മിനി റെജിയുടെയും മകളാണ്.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് റിട്ട. പ്രൊഫസറും, പ്രകാശധാര സ്കൂൾ ട്രഷറാറും മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ബോർഡിന്റെ സെക്രട്ടറിയുമായ പ്രൊഫ. കെ. സി. മാണിയ്ക്ക് 89-ാം വയസ്സിൽ ഡോക്ടറേറ്റ് ലഭിച്ചു.

മഴവില്ല്...

(ദൈവത്തിന്റെ നിറങ്ങൾ)

ഫാ. അജീഷ് ബാബു

ഓർമ്മകൾ കെട്ടുപോയാൽ നാം മനുഷ്യരല്ലാതായി മാറും, മറവിരോഗം നാം ആരാണെന്ന് അറിയാത്ത അവസ്ഥയാണ്.

ഓർമ്മകളിലാണ് മനുഷ്യന്റെ അന്യോന്യം ഉള്ള ബന്ധം. റിക്കവറി എന്നത് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ലോകത്ത് നഷ്ടപ്പെട്ട ഡാറ്റ തിരികെ കിട്ടുക എന്നതിന് സഹായകരമായ ഒന്നാണ്. റിക്കവറി മനുഷ്യനിൽ ഓർമ്മയുടെ തിരികെ പിടിക്കലാണ്, ഭൂതകാലത്തോട് കൂട്ടുകൂടുതലാണ്. വിശുദ്ധ വേദത്തിൽ ആവർത്തിക്കുന്ന ഒരു പദമാണ് 'മടങ്ങിപ്പോവുക'. ദൈവജനം എന്ന ഉത്തര വാദിത്വത്തിൽ നിന്ന് അകന്നിരിക്കുന്ന ജനത്തെ മുൻനിർത്തിയാണ് മടങ്ങി പ്പോവുക എന്ന പദം വേദത്തിൽ അധികവും ഉപയോഗിക്കുന്നത്. ദൈവത്തിന്റെ ജനം എന്ന ഓർമ്മയിൽ നിന്നും മാറുന്നവരോട് പ്രവാചക ശബ്ദം പോലെയാണ് 'മടങ്ങിപ്പോവുക' എന്ന പദം. മടങ്ങിപ്പോവലിലൂടെ ഓർമ്മകളുടെ വീണ്ടെടുപ്പും ദൈവജനവുമായി മാറുന്നു. പഴയ നിയമത്തിന്റെ പ്രാചീന എഴുത്തിൽ വേദം ആരംഭിക്കുന്നത് 'മടങ്ങിപ്പോകുവിൻ ' എന്ന പദം ഉപയോഗിച്ചിട്ടാണ് എന്നാണ് പഠിതാക്കൾ പറയുന്നത്. 'മടങ്ങിപ്പോകുവിൻ, ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.' അങ്ങനെയാകുമ്പോൾ റിക്കവറിയിൽ തുടങ്ങി റിക്കവ റിയിൽ അവസാനിക്കുന്നതാണ് വേദത്തിന്റെ രഹസ്യം.

ദൈവത്തിന്റെ നിറങ്ങൾ:

മഴവില്ല് മാനത്ത് തെളിയുമ്പോൾ നിങ്ങളെ ഞാൻ ഓർക്കും. ഓർമ്മകളെ വീണ്ടെടുക്കുന്നതിന്റെ അടയാളമായി നോഹയുടെ കാലത്ത് ദൈവം പറഞ്ഞ താണ്, മഴവില്ലും അതിന്റെ നിറങ്ങളും. മറക്കാൻ കഴിയാത്ത രീതിയിൽ ഇഷ്ട പ്പെടാനും, ഇഷ്ടപ്പെടാൻ കഴിയുന്ന രീതിയിൽ ഓർത്തിരിക്കാനും ദൈവം എന്നും തയ്യാറാണ് എന്നതിന്റെ അടയാളമാണ് മഴവില്ല്.

'ഞാൻ ഭൂമിയുടെ മീതെ മേഘം വരുത്തുമ്പോൾ മേഘത്തിൽ വില്ല് കാണും. അപ്പോൾ ഞാനും നിങ്ങളും സർവജഡവുമായ സകല ജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും.' ഉല്പത്തി 9:16.

മേഘങ്ങൾ, ആകാശം എന്നിവ എവിടെ തുടങ്ങുന്നു മനുഷ്യരെ സംബ ന്ധിച്ചിടത്തോളം ഭൂമിയിൽ നിന്ന് മുകളിലേക്ക് നോക്കുമ്പോഴാണ് ആകാശം കാണുന്നത്. മറ്റു നക്ഷത്രങ്ങൾ ആകാശത്തിലാണ്. എന്നാൽ മറ്റു നക്ഷത്രങ്ങളി ലുള്ള ജന്തുജാലങ്ങൾക്ക് ഭൂമിയും ആകാശത്തിലാണ്. ഭൂമിയിലെ ജന്തുജാല ങ്ങൾ മേഘങ്ങളിലാണ്. മേഘങ്ങൾ, ആകാശം എന്നിവ എവിടെയാണ്?. നാം നിൽക്കുന്ന ഇടം അത് ആകാശത്തിലാണ്. ഭൂമിയുടെ ഗുരുതാകർഷണം കൊണ്ട് ഭൂമി നമ്മെ കൈവെടിയുന്നില്ല എന്ന് മാത്രമേയുള്ളൂ. ഭൂമി എന്ന ഗ്രഹത്തിനു മുകളിലെ ആകാശവാസികളാണ് മനുഷ്യർ.

ഭൂമിക്കു മുകളിലെ ദൈവത്തിന്റെ നിറം, മഴവില്ല്. മഴവില്ലിന് ഒറ്റ നിറമല്ല. ദൈവം ഉടമ്പടി പറയുന്നത് ഒറ്റ നിറത്തെ മുൻനിർത്തിയല്ല മറിച്ച് ഒരു കൂട്ടം നിറങ്ങളെയാണ്. ഭൂമിയെ നശിപ്പിക്കാതിരിക്കാൻ താൻ ഇഷ്ടപ്പെടുന്നത് ഒരുകൂട്ടം നിറങ്ങളെയാണ്, മഴവില്ലിനെ. നിറകേന്ദ്രീകൃതമായ ശാരീരിക ഘടനകളിൽ മനുഷ്യനെ വേർതിരിക്കുന്ന ആത്മീയ പശ്ചാത്തലം നിറഞ്ഞുനിൽക്കുന്നതാണ് ജൂതമതം. പ്രത്യേകിച്ചും പ്രവാസാനന്തര ജൂതമതം തങ്ങളുടെ ആത്മീയതയെ നിർണയിക്കുന്നതിൽ ദൈവജനം എന്ന നിലപാടിനെക്കാൾ അപ്പുറം വർഗീയ വംശീയ വേർതിരിവുകൾ സൃഷ്ടിച്ചുകൊണ്ടായിരുന്നു നിലനിന്നിരുന്നത്. ഫറ വോയുടെ അടിമത്തത്തിൽനിന്ന് ദൈവം മോശയുടെ നേതൃത്വത്തിൽ വീണ്ടെ ടുത്ത ജനം വംശീയതകൾ ഇല്ലാത്തതും, ബഹുസ്വരതകൾ നിലനിർത്തുന്നതും ആയിരുന്നു. എന്നാൽ പിൽക്കാലത്ത് അതെല്ലാം ദൈവജനത്തിന് നഷ്ടമായി. നോഹയുടെ കാലത്തെ പ്രളയം, വീണ്ടെടുപ്പ് എന്നിവ കേവലം ഒരുകാലത്തെ

ചരിത്രവുമായി മാത്രം വായിക്കേണ്ടതല്ല മറിച്ച് ജൂത ജനതയുടെ സാംസ്കാരി കവും മതപരവുമായ ജീവിതത്തെ മുഴുവനായി മുൻനിർത്തി മനസ്സിലാക്കേ ണ്ടതാണ്.

മഴവില്ലിന്റെ നിറം അത് വംശീയതയുടെ നിറത്തെ ചെറുത്തുതോൽപ്പി ക്കുന്ന അടയാളമാണ്. വർഗീയ, വംശീയ സ്വഭാവമില്ലാത്ത ലോകത്തിലെ അവ സ്ഥയാണ് മഴവില്ല്, അതാണ് ദൈവം ഇഷ്ടപ്പെടുന്നത്. ബഹുസ്വരത അതാണ് ദൈവത്തിന്റെ നിറം. ഭൂമിക്കു മുകളിൽ നിറഞ്ഞുനിൽക്കുന്ന ബഹുസ്വരതയാണ് ദൈവത്തിന്റെ മഴവില്ല്. ഈ ബഹുസ്വരതയിലാണ് ദൈവത്തിന്റെ വീണ്ടെടു പ്പിന്റെ ഓർമ്മയും.

ഓർമ്മകൾ:

ആരോഗ്യരംഗത്ത് റിക്കവറി എന്നത് രോഗം, ശസ്ത്രക്രിയ, മാനസികാ ഘാതം, ലഹരി തുടങ്ങിയ അവസ്ഥകളിൽ നിന്ന് സുഖം പ്രാപിക്കലാണ്. ക്രമം കെട്ട ലോകത്ത് റിക്കവറിയുള്ള ആളാണ് നോഹ. സാമൂഹ്യമായും ആത്മീയ മായും സന്തുലിതാവസ്ഥയ്ക്ക് ദൈവാനുഭവം പ്രധാനമായി നിലനിൽക്കേണ്ട താണ്. നോഹയുടെ ചുറ്റുപാട് മുഴുവനും സന്തുലിതാവസ്ഥ നിലനിർത്തുന്ന തിൽ പൂർണ്ണ പരാജയമാണ്. അവിടെയാണ് നോഹയുടെ ഓർമ്മകൾ പ്രധാന പ്പെട്ടതാകുന്നത്. 'നീതിമാൻ' എന്ന പദം സന്തുലിതമായ സാമൂഹ്യ ആത്മീയ അനുഭവത്തെ മുൻനിർത്തിയാണ്. ദൈവത്തിന് ഓർത്തിരിക്കാൻ നോഹ മാത്രമായിപ്പോയി, നീതിമാനായി.

ജോസഫിനെയും അരിമത്യക്കാരൻ ജോസഫിനെയും നീതിമാൻ എന്ന പദം കൊണ്ടാണ് പുതിയ നിയമത്തിൽ അടയാളപ്പെടുത്തുന്നുണ്ട്. ഇവിടെയെല്ലാം ഇവരുടെ സന്തുലിതമായ സാമൂഹ്യ ആത്മീയ നിലപാടും അനുഭവവും പ്രധാന പ്പെട്ടതാണ്. റിക്കവറി അതിന്റെ ആഴത്തിൽ മടങ്ങിപ്പോക്കും വീണ്ടെടുപ്പും ചേർന്നതാണ്. മഴവില്ലിനെ പ്രണയിക്കുന്ന ദൈവം തന്റെ പുത്രനെ അയക്കു ന്നത് വീണ്ടെടുപ്പിന് വേണ്ടിയാണ്. ക്രിസ്തുവിനെ പ്രതി നാം ആരെയെങ്കിലും സ്നേഹിച്ചു തുടങ്ങുന്നുണ്ടെങ്കിൽ അത് റിക്കവറിയാണ്, ദൈവത്തിന്റെ വീണ്ടെ ടുപ്പ്.

പ്രണയം റിക്കവറി:

പ്രണയം ചിന്തകളെയും കാഴ്ചപ്പാടുകളെയും കണക്കുകൂട്ടലുകളെയും തീരുമാനങ്ങളെയും പാടേ മാറ്റിമറിച്ചുകളയും! തുടങ്ങുന്നിടത്ത് അവസാനിച്ചുവെന്നും അവസാനിച്ചുവെന്ന് കരുതുന്നിടത്തുനിന്ന് ആരംഭിക്കുകയും ചെയ്യും! ഉൾക്കാഴ്ചകളിൽ ജീവിതത്തിന്റെ കാണാക്കയങ്ങൾ കാണുമ്പോഴും നമ്മൾ അന്ധരെന്ന് മുദ്രകുത്തപ്പെടും. പ്രണയം അന്ധതയാണ് എന്ന് പറയുമ്പോഴും ആരും കാണാത്ത അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നമ്മൾ വ്യക്തമായി കാണുന്നു, തിരിച്ചറിയുന്നു

അങ്ങനെ പ്രണയം നിർവചനങ്ങൾക്ക് അതീതമായ എല്ലാ രൂപപ്പകർച്ചയിലും നമ്മളെ കൊണ്ടെത്തിക്കുന്നു! അവിടെ പരിചിതരെന്നോ അപരിചിതരെന്നോ ഇല്ല. അടുപ്പത്തിന് കാലങ്ങളുടെ അളവുകോലുകളും ഇല്ല. നേരമോ കാലമോ അടയാളപ്പെടുത്താൻ കഴിയാത്ത ഒരു നിമിഷത്തിൽ, ആത്മാവിനെ തിരിച്ചറിയുന്ന ആ ഒരു നിമിഷത്തിൽ പ്രണയം ജനിക്കുന്നു! ആത്മാക്കൾ പരസ്പരം ബന്ധിക്കുന്ന നേരംമുതൽ പ്രണയം ജീവിച്ചുതുടങ്ങുന്നു!

ഹൃദയം പ്രണയത്താൽ പവിത്രീകരിക്കപ്പെടുന്നു!

മഴവിൽ അങ്ങനെ ദൈവത്തിന്റെ പ്രണയ പുസ്തകം ഓർമ്മകളിൽ തുറക്കുന്നു.

❑

ഗ്രിഗോറിയൻ പ്രബന്ധ രചനാമത്സരം 2025

വിശ്വപ്രസിദ്ധ ചിന്തകനും ദൈവശാസ്ത്രജ്ഞനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ഗ്രിഗോറിയൻ ദർശനങ്ങളെക്കുറിച്ച് പ്രബന്ധ രചനാ മത്സരം സംഘടിപ്പിക്കുന്നു.

വിഷയങ്ങൾ: 1. പ്രപഞ്ചത്തിന്റെ സുസ്ഥിരമായ ഭാവി: ഗ്രിഗോറിയൻ ദർശനം (Towards a sustainable Future: Gregorian Vision).

2. റഷ്യയിൽ നടന്ന റൗണ്ട് ടേബിൾ കോൺഫറൻസുകളിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പങ്കും ആ കോൺഫറൻസുകൾ ലോക സമാധാനത്തിനു നൽകിയ സംഭാവനകളും (The role of Dr. Paul Mar Gregorios in the Round Table Conferences held in Russia and the contributions those conferences made to world peace).

3. മലങ്കര ഓർത്തഡോക്സ് സഭയും റോമൻ കത്തോലിക്കാ സഭയും തമ്മിലുള്ള സഭൈക്യ സംഭാഷണങ്ങൾ: ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പങ്ക് (Dialogues on Ecumenical Unity between the Malankara Orthodox Church and the Roman Catholic Church: The Role of Dr. Paulos Mar Gregorios).

ഈ മൂന്ന് വിഷയങ്ങളിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 10 A4 പേജ് വരുന്ന ഒരു പ്രബന്ധം (12 പോയിന്റ് അക്ഷര വലിപ്പം, spacing: normal) രചിച്ച് 7012270083 എന്ന വാട്സാപ്പ് നമ്പറിലോ mtvmosc@gmail.com എന്ന ഇ മെയിലിലോ അയയ്ക്കുക. പ്രബന്ധം ലഭിക്കേണ്ട അവസാന തീയതി: നവംബർ 15, 2025.

ഒന്നാം സമ്മാനം: 5000 രൂപയും 2000 രൂപ വിലയുള്ള ഗ്രിഗോറിയൻ രചനകളും. രണ്ടാം സമ്മാനം : 3000 രൂപയും 2000 രൂപ വിലയുള്ള ഗ്രിഗോറിയൻ രചനകളും. മൂന്നാം സമ്മാനം : 2000 രൂപയും 2000 രൂപ വിലയുള്ള ഗ്രിഗോറിയൻ രചനകളും. പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

ജാതിമതവ്യത്യാസമോ പ്രായപരിധിയോ ഇല്ല.
ഏവർക്കും പങ്കെടുക്കാം.
ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം.

പ്രത്യേകം ശ്രദ്ധിക്കുക: വിഷയങ്ങളെക്കുറിച്ച് ഗവേഷണം ചെയ്തും പഠിച്ചും എഴുതുക. മാർ ഗ്രീഗോറിയോസിന്റെ ജീവചരിത്രരേഖ എഴുതി പേജ് തികയ്ക്കാൻ ശ്രമിക്കാതിരിക്കുക. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ തയ്യാറാക്കിയ രചനകൾ സ്വീകരിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്കും നിങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തെക്കുറിച്ചുള്ള പ്രബന്ധ രചനയ്ക്കാവശ്യമായ സോഴ്സുകൾക്കും ബന്ധപ്പെടുക: 7012270083.

സംഘാടകർ: ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ, കോട്ടയം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ബുക്ക്സ് & പബ്ലിക്കേഷൻസ് വിഭാഗത്തിന്റെ സെക്രട്ടറിയായി 2014 മുതൽ 2025 വരെ സേവനമനുഷ്ഠിച്ച ഫാ. ജോസഫ് കുര്യാക്കോസ് പാമ്പാടിക്കണ്ടത്തലിന് യാത്രയയപ്പ് നൽകി. പരിശുദ്ധ കാതോലിക്കാ ബാവയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ, മലങ്കര മൽപ്പാൻ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ്കോർഎപ്പിസ്കോപ്പാ, ഫാ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പ, ഫാ. ഡോ. റെജി മാത്യു, ഫാ. എബ്രഹാം ജോൺ, ഡോ. ജേക്കബ് മണ്ണുംമൂട്, പോൾ മണലിൽ, അഡ്വ. വർഗീസ് പി. തോമസ് എന്നിവർ സംബന്ധിച്ചു

മാർത്തോമ്മാ സഭ സംഘടിപ്പിച്ച നിഖ്യാ സുന്നഹദോസ് 1700-ാം വാർഷികം സംബന്ധിച്ച പഠന സമ്മേളനത്തിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് പ്രസംഗിക്കുന്നു.

പ്ലാറ്റിനും ജൂബിലി ലോഗോ - ക്യാപ്ഷൻ മത്സരം

ഡൽഹി: ഭാരത തലസ്ഥാന നഗരിയിൽ സുറിയാനി ക്രൈസ്തവ സത്യവിശ്വാസത്തിന്റെ പൗരാണികതയുടെ പ്രതീകവും, ചരിത്രപരതയുടെ മാതൃസ്ഥാനീയതയും ഉൾകൊള്ളുന്ന ഹോസ്ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ 75-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ഈ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി ലോഗോയും ക്യാപ്ഷനും ക്ഷണിക്കുന്നു. ഡൽഹിയിലെയും സമീപ ഇടവകകളിലെയും അംഗങ്ങൾക്കും ഈ ദേവാലയത്തിൽ മുൻപ് അംഗങ്ങൾ ആയിരുന്നവരും ഇപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി താമസിക്കുന്നവർക്കും, കത്തീഡ്രൽ ഉടമസ്ഥതയിൽ ഉള്ള ഹോസ്ഖാസ്, ആയാ നഗർ, സോനാ റോഡ് എന്നിവിടങ്ങളിലെ സ്കൂൾ കുടുംബത്തിലെ അംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

E-mail: stmarysorthodoxcathedraldelhi@gmail.com

മാർ ഒസ്താത്തിയോസ് ഗുരുകുലം ഡയാലിസിസ് സെന്റർ ഉദ്ഘാടനം ചെയ്തു

തിരുവല്ല: ലൈഫ് കെയർ ഫൗണ്ടേഷന്റെ പ്രഥമ സംരംഭം മാർ ഒസ്താത്തിയോസ് ഗുരുകുലം ഡയാലിസിസ് സെൻറർ ചെന്നിത്തല കോട്ടമുറിയിൽ പരിശുദ്ധ ബസേലിയോസ്സ് മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവ ഉദ്ഘാടനം ചെയ്തു, അശരണരും ആലംബഹീനരുമായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് സേവനം നൽകുന്ന ഈ സെന്ററിന്റെ പ്രവർത്തനം ചെന്നിത്തലയുടെ സമീപപ്രദേശങ്ങളിലുള്ള വൃക്ക രോഗികൾക്ക് ആശ്വാസം പകരട്ടെ എന്ന് ബാവാ തിരുമേനി ആശംസിച്ചു. അപരന്റെ ജീവിതത്തിന് തണലാകുമ്പോഴാണ് ക്രൈസ്തവ സാക്ഷ്യം പൂർണ്ണമാകുന്നത് എന്ന് പരിശുദ്ധ ബാവാ പറഞ്ഞു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്താ ചെയർമാനായുള്ള ലൈഫ് കെയർ ഫൗണ്ടേഷന്റെ കീഴിൽ തുടക്കത്തിൽ മൂന്ന് ഡയാലിസിസ് മെഷീനുകൾ പ്രവർത്തിക്കും. ഡോ. യൂയാക്കിം മാർ കൂറിലോസ് സഫഗ്രൻ മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി.

കോട്ടയം ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ നേതൃത്വത്തിൽ നടന്ന ചിത്രരചനാ മത്സരം വർണ്ണോത്സവ് 2025-ന്റെ ഉദ്ഘാടനം കോട്ടയം ബസേലിയോസ് കോളജിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. നിർവ്വഹിച്ചു.

കൊച്ചി ഭദ്രാസന ബാലസമാജം വാർഷിക സമ്മേളനത്തിന് വെട്ടിക്കൽ ദയറായിൽ തുടക്കം. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഉദ്ഘാടനം നിർവഹിച്ചു. കൊച്ചി ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നായി അഞ്ഞൂറോളം കുഞ്ഞുങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. വെട്ടിക്കൽ ദയറാ സ്ഥാപിതമായതിന്റെ ഒൻപതാം ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് വാർഷിക സമ്മേളനത്തിന് ദയറാ വേദിയാകുന്നത്.

പുസ്തകം



ലാവണ്യദർശനം: ഒരു വേദശാസ്ത്ര വീക്ഷണം

ഫാ. ഡോ. കെ. എം. ജോർജ്

ക്രൈസ്തവ ആരാധനയിലും ക്രിസ്തീയ ലോക വീക്ഷണത്തിലും ഒരു ലാവണ്യശാസ്ത്രാവബോധം അന്തർഭവിക്കുന്നുണ്ടെന്നും അതിനെ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ നിന്ന് വേർതിരിക്കാൻ ആവുകയില്ലെന്നും സമർത്ഥിക്കുന്ന ഒരു നവദർശനത്തിലേക്ക് പ്രവേശിക്കാൻ അവശ്യം നടത്തേണ്ട മുന്നൊരുക്കങ്ങളെ ഈ ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു.

ഐക്കണോഗ്രാഫിയുടെ തത്ത്വം മുതൽ ദാദായിസത്തിന്റെയും സർറിയലിസത്തിൻറെയും മറ്റും സ്വഭാവം വരെ സൂക്ഷ്മതയോടെ വിശകലനം ചെയ്ത് അവതരിപ്പിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. നവീന ശാസ്ത്രത്തിന്റെയും പ്രയുക്ത ശാസ്ത്രത്തിന്റെയും ഉപദർശനങ്ങളും കണ്ടുപിടുത്തങ്ങളും എങ്ങനെ പുതിയ ലോകസങ്കല്പത്തെ വിശദീകരിക്കാൻ ഉതകുന്നു എന്നും അവ എങ്ങനെ വിശ്വാസസത്യങ്ങളോട് അവിരുദ്ധത പുലർത്തുന്നു എന്നും സൂക്ഷ്മതയോടെ അന്വേഷിക്കുന്നതാണ് ഇതിൻറെ രീതി. ബലിഷ്ഠമായ വിശ്വാസത്തെ കൂടുതൽ ബലിഷ്ഠമാക്കാൻ അവ എങ്ങനെ ഉപകരിക്കുന്നു എന്ന് അന്വേഷിക്കുന്നതാണ് ഈ ഗ്രന്ഥത്തിൻറെ സ്വഭാവം. ലോകത്തോടും അതിന്റെ സൗഭാഗ്യസമൃദ്ധികളോടും കലഹിക്കാനല്ല, ആദ്ധ്യാത്മിക ജീവിതത്തെ ആഴമുള്ളതാക്കാൻ ഉപകരിക്കുന്നതായി ലോകത്തെ കാണാനാണ് ഗ്രന്ഥം ആവശ്യപ്പെടുന്നത്.

അവതാരിക ഡോ. എം. തോമസ് മാത്യു

പ്രസാധനം: സി.എസ്.എസ്., തിരുവല്ല

വില: **390.00** രൂപ

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യുഎഇ മേഖലയുടെ ആഭിമുഖ്യത്തിൽ ഗ്രിഗോറിയൻ ക്രിക്കറ്റ് ടൂർണമെന്റ് 2025 അബുദാബി സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അബുദാബി ഷെയ്ഖ് സയ്ദ് ക്രിക്കറ്റ് അക്കാദമിയിൽ നടത്തപ്പെട്ടു. എട്ട് ടീമുകൾ പങ്കെടുത്ത ടൂർണമെന്റിൽ അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നയിച്ച ജോർജിയൻ വാലി ടീം ചാമ്പ്യൻമാരാകുകയും ജബൽഅലി സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നയിച്ച ഗ്രിഗോറിയൻ ജബൽ അലി ടീം ഫസ്റ്റ് റണ്ണർ അപ്പ് ആകുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അങ്കമാലി ഭദ്രാസനത്തിലെ സീനിയർ വൈദികരായ ഫാ. പി. വി. ഫിലിപ്പ്, ഫാ. കെ. കെ. മർക്കോസ് എന്നിവർക്ക് അങ്കമാലി ഭദ്രാസന ഇടയൻ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ ചാത്തമറ്റം കാർമേൽ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ വച്ച് 18-10-2025 ശനിയാഴ്ച കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി.

മലങ്കര സഭയുടെ സംഭാവനകൾ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടത്: ചാണ്ടി ഉമ്മൻ

കോട്ടയം: മലങ്കര സഭയുടെ സംഭാവനകൾ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടതാണെന്നും യുവതലമുറ അഭിമാനത്തോടെ അത് ഏറ്റെടുക്കണമെന്നും ചാണ്ടി ഉമ്മൻ. പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രഗതി മെറിറ്റ് അവാർഡ് വിതരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. മലങ്കര സഭയുടെ മക്കൾക്ക് രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ അർഹമായ പരിഗണന നിഷേധിക്കപ്പെടുന്നതിൽ വേദനയുണ്ടെന്നും, ചാണ്ടി ഉമ്മനും, അബിൻ വർക്കിയും അതിന്റെ അവസാന ഉദാഹരണങ്ങൾ ആണെന്നും മാർ യൂലിയോസ് പറഞ്ഞു.

വിവിധ തലങ്ങളിൽ നേട്ടം കൈവരിച്ച യുവജനങ്ങൾക്ക് അവാർഡുകൾ സമ്മാനിച്ചു. വൈദിക ട്രസ്റ്റി ഫാ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, ദേവലോകം അരമന മാനേജർ യാക്കോബ് തോമസ് റമ്പാൻ, ജനറൽ സെക്രട്ടറി ഫാ. വിജു എലിയാസ്, ട്രഷറർ രഞ്ജു എം. ജോയ്, പ്രോഗ്രാം കോർഡിനേറ്റർ അനീഷ് ജേക്കബ്, റീജിയണൽ സെക്രട്ടറി ഡാനി രാജു, അബു എബ്രഹാം വീരപ്പള്ളിൽ, ജിൻസ് തടത്തിൽ, റീജൻ യോഹന്നാൻ, നിബിൻ നല്ലവീട്ടിൽ, അശ്വിൻ വി. റെജി, റെനോജ് ജോർജ്, എൽദോസ് പുള്ളോർമഠം, ഗീവീസ് മാർക്കൊസ്, രോഹിത്ത് കെ ജോൺ, നിതിൻ മണക്കാട്ട്മണ്ണിൽ, ജോർജ് കുര്യൻ എന്നിവർ പങ്കെടുത്തു.

ഇടുക്കി മെത്രാസന ശുശ്രൂഷക സംഗമം കട്ടപ്പന സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ മെത്രാസന മെത്രാപ്പോലീത്താ അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോജി കെ. ജോയി ക്ലാസ്സ് നയിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മിഷൻ ബോർഡ് പ്രസ്ഥാനമായ ഒറീസ്സയിലെ കലഹണ്ടി ഡെവലമെന്റ് പ്രൊജക്റ്റ് ഏരിയ ബാംഗ്ലൂർ ഭദ്രാസന ഹൈദരാബാദ് റീജിയൻ മർത്തമറിയം സമാജം അംഗങ്ങൾ സന്ദർശിച്ചു.



കേളകത്തിന്റെ മണ്ണിൽ നിന്ന് പ്രാർത്ഥനയോടെ അവർ യാത്ര തുടങ്ങുന്നു പരിശുദ്ധന്റെ സന്നിധിയിലേക്ക്. 9 ജില്ലകളിലൂടെ പദയാത്രയായി സഞ്ചരിച്ച് 11 ദിവസം കൊണ്ട് 410 കി. മീ. സഞ്ചരിച്ച് നവംബർ 2-ന് പരുമല കബറിങ്കൽ എത്തിച്ചേരും.

പരുമല പള്ളി പെരുനാൾ; നവംബർ മൂന്നിന് പ്രാദേശിക അവധി

പത്തനംതിട്ട: പരുമല പെരുനാൾ ദിനമായ നവംബർ മൂന്നിന് തിങ്കളാഴ്ച്ച ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ച് ജില്ലാ കളക്ടർ ഉത്തരവായി. പൊതുപരീക്ഷകൾക്ക് ഉത്തരവ് ബാധകമല്ല.

കണ്ടനാട് വിശുദ്ധ മർത്തമറിയം പള്ളിയിൽ പരിശുദ്ധ മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനയുടെ 261-ാമത് ഓർമ്മപ്പെരുന്നാളിലെ വി. കുർബാനയ്ക്ക് പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 92-ാമത് രാജ്യാന്തര ത്രിദിന വാർഷിക സമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനം തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായും സ്വാഗത സംഘം ചെയർമാനുമായ ഡോ. എബ്രഹാം മാർ സെറാഫിം ബേസിൽ അരമനയിൽ നിർവഹിച്ചു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, തുമ്പമൺ ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പാ, ഭദ്രാസനത്തിലെ വൈദിക ശ്രേഷ്ഠർ, യുവജന പ്രസ്ഥാനം കേന്ദ്ര-ഭദ്രാസനതല ഭാരവാഹികൾ, രാജ്യാന്തര സമ്മേളനത്തിന്റെ വിവിധ കമ്മിറ്റിയുടെ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

ഇടുക്കി മെത്രാസന സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ മെത്രാസന തല ഉദ്ഘാടനം മെത്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ സേവേറിയോസ് നിർവ്വഹിച്ചു. കേന്ദ്ര തല ഭാരവാഹികളായ റവ. ഫാ. ബിജു റ്റി. മാത്യൂ, ഉമ്മൻ ജോൺ, ഷിബു കെ. മാത്യൂ എന്നിവർ പങ്കെടുത്ത സമ്മേളനത്തിനു ശേഷം കാർഷിക വർക്കിംഗ് ക്യാമ്പ് മെത്രാസന അരമനയിൽ നടത്തപ്പെട്ടു.